ശ്രീ. സി.കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിലെ സാധാരണക്കാരായ ആളുകൾ തൊഴിലെടുക്കുന്ന പ്രധാനപ്പെട്ട ഒരു മേഖലയാണ് കൈത്തറി മേഖല. ആ കൈത്തറി മേഖലയെ ഇന്നുള്ള നിലവാരത്തിൽ നിന്ന് കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇവിടെ നഗരങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ഐ.ടി. മേഖലകളുണ്ട്. ആ ഐ.ടി. മേഖലയെ - ഗ്രാമങ്ങളിലേയ്ക്കെന്നു ഞാൻ പറയുന്നില്ല, മുനിസിപ്പാലിറ്റികളിലേയ്ക്കു കൂടി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ നമ്മുടെ വ്യവസായമന്ത്രിക്ക് പ്രത്യേകിച്ച് ഇന്ത്യാഗവൺമെന്റ് സ്വീകരിച്ചുവരുന്ന നയങ്ങളുടെ ഫലമായി അദ്ദേഹം എത്ര ആഗ്രഹിച്ചാലും സാധിക്കാത്ത രൂപത്തിലുള്ള സാമ്പത്തികമായ, ഇന്ത്യയിലെ കോർപ്പറേറ്റുകൾക്ക് മാത്രം സഹായകരമായ ഒരു നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുവരുന്നു. ഇവിടെ ഇന്ന് എൻഡോസൾഫാന്റെ കാര്യം പറഞ്ഞു, അതിന്റെ സാമ്പത്തിക സഹായത്തെക്കുറിച്ച് പറഞ്ഞു. ഒരു ലോകസമ്മേളനം നടന്നപ്പോൾ ഇന്ത്യയ്ക്ക് അപമാനം ഉണ്ടാക്കുവാൻ, എല്ലാ രാജ്യങ്ങളും എൻഡോസൾഫാനെ എതിർത്തപ്പോൾ നമ്മുടെ കാസർഗോഡ് ജില്ലയിലെ അനുഭവങ്ങൾ ആ സമ്മേളനത്തിൽ ലോകത്തിലെ മറ്റു രാജ്യങ്ങൾ അവതരിപ്പിച്ച ഘട്ടത്തിൽപ്പോലും ഇന്ത്യാഗവൺമെന്റിന്റെ പ്രതിനിധി മാത്രമാണ് എൻഡോസൾഫാന് അനുകൂലമായ നിലാപട് സ്വീകരിച്ചത്. അതുപോലെതന്നെ കഴിഞ്ഞ പ്രാവശ്യം

അമേരിക്കൻ പ്രസിഡന്റ് ഇവിടെ വന്ന് തിരിച്ചുപോയതിനുശേഷം അദ്ദേഹം അമേരിക്കയിൽ നടത്തിയ പത്രസമ്മേളനത്തിൽ അദ്ദേഹ ത്തിന്റെ ഇന്ത്യാ സന്ദർശനത്തിലെ പ്രധാനപ്പെട്ട വിജയം എന്നുപറഞ്ഞത് ഇന്ത്യയിൽ അമേരിക്കൻ മൂലധനം കടന്നുവരാൻ അവസരം ലഭിച്ചു എന്നുള്ളതാണ്. സ്വകാര്യ മൂലധനത്തിന് ഇന്ത്യയിലെ ചെറുകിട വ്യവ സായ മേഖലയിലും ചെറുകിട വ്യാപാര മേഖലയിലും അവരുടെ മൂലധ നത്തിന് കടക്കാൻ അവസരം ലഭിച്ചുവെന്നാണ്. ഇവിടെ കോൺഗ്രസ് (ഐ)-യുടെ കേന്ദ്രമന്ത്രി, കോൺഗ്രസ് (ഐ) നേതൃത്വം നൽകുന്ന സംസ്ഥാനങ്ങളിൽ ചെറുകിട വ്യാപാരമേഖലയിൽ വിദേശമൂലധനം അനുവദിക്കുകയുണ്ടായി. ഭയപ്പാടോടുകൂടി നമ്മുടെ നാട്ടിലെ ജനങ്ങൾ പ്രത്യേകിച്ച് കേരളത്തിലെ ഭരണത്തെ നയിക്കുന്നവർ.......... ഈ വിപത്ത് കേരളത്തിലെ ലക്ഷണക്കണക്കിന് വരുന്ന കച്ചവടക്കാരെ മാത്രമല്ല, പാവ പ്പെട്ടവരുടെ കുടുംബത്തെ അത് തകർക്കുമെന്ന് മനസ്സിലാക്കാൻ സാധി ക്കും. ഇവിടെ സ്വകാര്യമൂലധനത്തിൽ ഇഷ്ടംപോലെ വളർച്ചയുണ്ട്. പഴ യകാലത്തുണ്ടായിരുന്ന കുത്തകകളുടെ നിയന്ത്രണങ്ങൾ തകർത്ത് അമ്പാനിമാരും ജിൻഡാൽമാരും വളർന്നുവന്നു. അവർ നമ്മൾ ദേശ സാൽക്കരിച്ച ബാങ്കുകളിലെയടക്കം പണം ഉപയോഗിച്ചുകൊണ്ട് അവർ സംഘടിപ്പിക്കുന്ന പണത്തിന്റെ പകുതിപോലും ഇന്ന് ഇന്ത്യയിൽ തിരിച്ചു നിക്ഷേപിക്കുന്നില്ല. അവർക്ക് കൊള്ളലാഭം അടിക്കാൻ, മറ്റു രാജ്യങ്ങ ളിൽ അവർ പണം മുടക്കുന്നു. നമ്മുടെ നാട്ടിലെ കോടിക്കണക്കിന്

ഡോളർ ഇന്ത്യയിൽ നിന്ന് ഇന്ത്യക്കാരായ വൻകിട കോർപ്പറേറ്റുകൾ ചോർത്തുന്നത് ഇന്ത്യാഗവൺമെന്റിനെ നയിക്കുന്ന ധനകാര്യ മന്ത്രിയും പ്രധാന മന്ത്രിയുമെല്ലാം നിസ്സഹായരായി കണ്ടുനിൽക്കുന്നു. പ്രധാന മന്ത്രി ഡോ. മൻമോഹൻ സിംഗിനെ, പഴയ വലിയ ധനകാര്യ വിദഗ്ധനെ ഇന്ന് കോൺഗ്രസ്(ഐ)യുടെ നേതൃത്വം, അദ്ദേഹത്തെ മാറ്റി കോൺഗ്രസ് (ഐ)-യെ രക്ഷിക്കാൻ ഒരു പുതിയ നേതൃത്വം വേണ മല്ലോ എന്ന് വിലപിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യത്തിൽ അതിനെക്കുറിച്ചുള്ള ചർച്ചകൾ നടത്തുന്ന ഒരു കാലഘട്ടത്തിലാണ് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നത്. ഞാൻ ബഹുമാന പ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള വകുപ്പല്ലെങ്കിലും ഒരു കാര്യം കൂടി പറയുക യാണ്. ഇവിടെ ബി.ജെ.പി. കേന്ദ്രം ഭരിച്ചപ്പോൾ വിദ്യാഭ്യാസ നയം ബിർള-അമ്പാനി അവരാണ് നിശ്ചയിച്ചത്. കാരണം, പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ വിദ്യാഭ്യാസം ഒരു കച്ചവട ചരക്കാക്കി. അവ രുടെ സമീപനം അതായിരുന്നു. അതിനെതിരായി കേരള നിയമസഭയിൽ നമ്മൾ ഒറ്റക്കെട്ടായി. കേരള നിയമസഭയിലെ എല്ലാ രാഷ്ട്രീയ കക്ഷി കളും ഒറ്റക്കെട്ടായി അതിനെ എതിർത്തു. പക്ഷേ ഇന്ന് നമ്മുടെ സംസ്ഥാ നത്ത് സ്വീകരിച്ചുവരുന്ന വിദ്യാഭ്യാസ നിലപാട് ബിർള-അമ്പാനി വിദ്യാഭ്യാസ സമീപനത്തിന് സഹായകരമായി മാറുന്നില്ലേ? നിങ്ങൾ ആലോചിക്കണം. കേന്ദ്രഗവൺമെന്റ് ഉന്നതവിദ്യാഭ്യാസത്തിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നു. നിയമസഭയിൽ ചോദ്യം ചോദിച്ചു, നമ്മുടെ

നാട്ടിലെ സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും പുതിയ കോഴ്സുകൾ അനുവദിക്കില്ലേ? കേരളത്തിൽ ഒരു കോളേജിൽ മാത്രമാണ് ഈ വർഷം ബി.എ.യ്ക്ക് മലയാളം കോഴ്സ് അനുവദിച്ചത്. ഇങ്ങനെയാണോ ഉന്നതവിദ്യാഭ്യാസത്തിനെ സംസ്ഥാന ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുന്നത്? ഇതാണോ ബിർള-അമ്പാനി-ബി.ജെ.പി.യുടെ വിദ്യാഭ്യാസ സമീപനത്തിനെതിരായി നമ്മൾ സ്വീകരിച്ചുവരുന്ന നിലപാടുകൾ. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച്, സാമ്പത്തികമായി ഇന്ത്യയിൽ വളരെയേറെ പണം മുടക്കാൻ ആളില്ല. ഇവിടെ ഇപ്പോൾ അവസാനം വന്നിരിക്കുന്നത് കൊക്കോകോളയും വാൾമാർട്ടും വലിയ ഫർണിച്ചർ കമ്പനിക്കാരും ഒക്കെ ഇവിടെ കോടികൾ മുടക്കാൻ പോകുന്നു. ആ രൂപത്തിലുള്ള മാറ്റമാണ് വന്നിരിക്കുന്നത്. സാമ്പത്തിക മാന്ദ്യം അമേരിക്കയിലും മറ്റ് രാജ്യങ്ങളിലും ഉണ്ടായപ്പോൾ ഇന്ത്യ പിടിച്ചുനിന്നത് ഇവിടത്തെ ദേശസാൽക്കരിച്ച ബാങ്കുകളും നമ്മുടെ നവരത്ന വൻകിട സ്ഥാപനങ്ങളും ഉണ്ടായിരുന്നതുകൊണ്ടാണ്. ഇപ്പോൾ അതിന്റെ ഷെയറുകൾ മുഴുവൻ വിറ്റഴിക്കുന്നു. നമ്മുടെ പ്രധാനമന്ത്രിക്ക് താല്പര്യം യുറോപ്യൻ സാമ്പത്തിക സമൂഹത്തിനുണ്ടായ വലിയ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചാണ്. ആ സാമ്പത്തിക പ്രതിസന്ധിയിൽ 20 ശതമാനത്തിലധികം ആളുകൾ മുഴുപട്ടിണിയിൽ കിടക്കുന്ന ഇന്ത്യാരാജ്യത്തിലെ പ്രധാനമന്ത്രി അവരെ സഹായിക്കാൻ, അവരുപോലും ഞെട്ടിപ്പോകുന്ന രൂപത്തിൽ ദരിദ്ര രാജ്യത്തിന്റെ പ്രധാനമന്ത്രി അവരെ

സഹായിക്കുന്നു. നമ്മുടെ താല്പര്യങ്ങളെയല്ല കോൺഗ്രസ് സഹായിക്കുന്നത്. കേന്ദ്രത്തിലെ ഭരണകൂടം ശ്രദ്ധിക്കുന്നത് നമ്മുടെ രാജ്യത്തിന്റെ താല്പര്യമല്ല. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ രാജ്യത്ത് വ്യവസായങ്ങൾ വളരണം. ഇവിടത്തെ ഐ.ടി. വിദ്യാഭ്യാസത്തെക്കുറിച്ചൊന്നും പറയണ്ട. ഒരു കാലത്ത് ഇവിടെ ഐ.ടി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവായിരുന്നെങ്കിലും കേരളത്തിൽ പഠിച്ച് ഐ.ടി. മേഖലയിൽ ബിരുദം കരസ്ഥമാക്കുന്നവർക്ക് സാർവ്വദേശീയമായ അംഗീകാരമായിരുന്നു ലഭിച്ചിരുന്നത്. പക്ഷേ ഇന്ന് നമ്മുടെ മലയാളത്തിനുമാത്രമല്ല എല്ലാ ഭാഷയിലും ഐ.ടി. മേഖലയിൽ നമ്മൾ അനാവശ്യമായി തിരക്കുകാട്ടിയതിന്റെ ഫലമായി 45-50 ശതമാനം വിദ്യാർത്ഥികൾ പുറത്തുപോകുന്നതിന്റെ ഫലമായുള്ള പ്രതിസന്ധിയെ സംബന്ധിച്ചാണ് ചർച്ചയെങ്കിലും ഐ.ടി. മേഖല ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ ഒരു പക്ഷേ വളരെ വേഗം പിടിച്ചുനിൽക്കാൻ സാധിക്കുന്ന, നമുക്ക് രക്ഷപ്പെടാൻ സാധിക്കുന്ന ഒരു മേഖലയായി കുറച്ചു കാലം ഐ.ടി. മേഖലയ്ക്ക് നിൽക്കാൻ സാധിക്കും. അതുകൊണ്ട് ഐ.ടി. മേഖലയ്ക്ക് കേരളത്തിൽ വിപുലമായ സ്വാധീനതയുണ്ടാക്കിക്കൊണ്ട് നമ്മുടെ നാടിന്റെ തൊഴിൽ അർഹിക്കുന്ന യുവാക്കൾക്ക് ജോലി ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടാക്കാനും വ്യവസായം എന്നുള്ളത് കേരളത്തെ സംബന്ധിച്ച് നമ്മുടെ കൃഷിയുമായി ബന്ധപ്പെടുത്തണം. ഇവിടെ രണ്ട് ദിവസം മുമ്പ് കശുവണ്ടിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ കശുവണ്ടിയെ പ്രോൽസാഹിപ്പിക്കുന്നതും കൃഷി

ചെയ്യുന്നതും നമ്മുടെ വ്യവസായത്തിന്റെ ഭാഗമാണ്. നാളികേരം, കുരുമുളക്, മരങ്ങളടക്കം നമ്മുടെ ഫർണിച്ചർ കയറ്റി അയച്ച് ആ രൂപത്തിലുള്ള പുതിയൊരു കാഴ്ചപ്പാടിലൂടെ കേരളത്തിന്റെ തൊഴിലില്ലായ്മ പരിഹരിക്കണം. ദേശീയമായി നമ്മുടെ സമ്പദ്ഘടനയെ തകർക്കുന്നു, മൽസ്യ സമ്പത്തിനെ തകർക്കുന്നു, മൽസ്യബന്ധന മേഖലയിലേയ്ക്ക് ട്രോളറുകൾ വരുന്നു. ഇത്തരത്തിലുള്ള സാഹചര്യങ്ങളുള്ളപ്പോൾ വളരെ വ്യക്തമായി കഴിഞ്ഞ കാലത്തുണ്ടായതിനേക്കാളും വളരെ ഗൗരവമായി നമ്മുടെ നാടിന്റെ വ്യാവസായിക മേഖലയും അതിലൂടെ ഇവിടത്തെ തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെടേണ്ട കാലമാണിത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. സി.എഫ്.തോമസ് : സർ, ബഹുമാനപ്പെട്ട സി.കെ. ാണു പറഞ്ഞതുപോലെ പുതിയ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട്, അദ്ദേഹം ഊന്നിയൂന്നി പറഞ്ഞു ഐ.റ്റി. മേഖലയ്ക്ക് കുറച്ച് നാളുകൂടി നമ്മുടെ രാജ്യത്തും സംസ്ഥാനത്തും പിടിച്ചുനിൽക്കാൻ സാധിക്കുമെന്ന്. ഐ.ടി. പ്രൊഫഷണലുകളായ മലയാളികൾക്ക് പുറത്തുപോകേണ്ടിവന്നു. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി യു.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി കൊണ്ടുവന്ന നയത്തിന്റെ പ്രത്യേകത നിങ്ങൾ മനസ്സിലാക്കണം. ഇപ്പോൾ അങ്ങ് പ്രകടിപ്പിച്ചതുപോലെയുള്ള പുതിയ ചിന്ത, അങ്ങനെ തന്നെ വിശേഷിപ്പിക്കട്ടെ. നമ്മുടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും താല്പര്യം കണക്കിലെടുത്തുകൊണ്ട് പുതിയതലമുറയുടെ ചിന്ത, അത് പ്രാവർത്തികമാക്കുവാനുള്ള ഒരു നല്ല നയമാണ് വ്യവസായ വകുപ്പുമന്ത്രി ആവിഷ്ക്കരിച്ചത്. കരട് നയം പ്രഖ്യാപിച്ചു കഴിഞ്ഞു. കരട് നയം ഉണ്ടാക്കിയത് ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്തുകൊണ്ട് കേരളത്തിന്റെ രക്ഷയ്ക്കുവേണ്ടി എങ്ങനെയുള്ള നിയമമാണ് ഇനി നല്ലത് എന്ന് ആലോചിച്ചുകൊണ്ടാണ് അദ്ദേഹം ആ നയം ആവിഷ്ക്കരിച്ചത്. ശ്രീ. കെ.എൻ.എ. ഖാദർ പ്രസംഗത്തിലൂടെ പറഞ്ഞു. ഞാൻ കുഞ്ഞാലിക്കുട്ടിയെ നിരീക്ഷിച്ചപ്പോൾ കാണാൻ കഴിഞ്ഞത് അദ്ദേഹം പൊതുമേഖലാ വ്യവസായങ്ങൾക്ക് കൊടുക്കുന്ന വലിയ പ്രാധാന്യത്തെക്കുറിച്ചു പറഞ്ഞു. ഞാനൊരു അല്പംകൂടി കടന്നു ചിന്തിക്കുകയാണ്, ഞാൻ നോക്കിയപ്പോൾ അദ്ദേഹം വലിയ പ്രാധാന്യം ഒരുപോലെ കൊടുക്കു

ന്നത് പൊതുമേഖലാ വ്യവസായങ്ങൾക്കും കേരളത്തിന്റെ പരമ്പരാഗത മേഖലയ്ക്കുമാണ്. അതു രണ്ടും വേണം. കേരളത്തിന്റെ പരമ്പരാഗത മേഖല ഒരിക്കലും നശിക്കാൻ പാടില്ല. പാവപ്പെട്ട തൊഴിലാളികൾ ഏറ്റവും കൂടുതൽ വർക്ക് ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ അഭയകേന്ദ്രമായ കൈത്തറി, കശുവണ്ടി, കയർ, ഖാദി ആ മേഖലകളെ അവഗണിച്ചുകൊണ്ട് പോകാനൊക്കുകയില്ല. രണ്ടും ബാലൻസ്ഡായിട്ട്, നമ്മുടെ കശുവണ്ടി മേഖലയിൽ തോട്ടണ്ടിയെ ആശ്രയിക്കുന്നു. അതു മാത്രം ആശ്രയിച്ചു മുന്നോട്ടുപോകാനൊക്കുമോ? ഇവിടെ ജൈവകൃഷി, സംഭരണത്തിനാവശ്യമായ സഹായങ്ങൾ, കൈത്തറിക്ക് പുതിയ പാക്കേജ്, ഖാദി മേഖലയിൽ പുതിയ മന്ത്രി, കമ്മീഷനെ വച്ചു, അതിന്റെ പഠന റിപ്പോർട്ട് വരുത്തുന്നു, അതനുസരിച്ചുള്ള നടപടികൾ സ്വീകരി ക്കാൻ പോകുന്നു, കയറിന് പുതിയ പാക്കേജ് ഇതൊക്കെ കൊണ്ടുവന്നു കൊണ്ട് ലക്ഷക്കണക്കിന് ആളുകളുടെ ആശ്രയകേന്ദ്രമായ നമ്മുടെ പര മ്പരാഗത മേഖലയെ നിലനിറുത്തുന്നു ഒരുവശത്ത്. രണ്ട് പൊതുമേ ഖലാ വ്യവസായങ്ങൾ വരുന്നതിനുമുമ്പ് നമ്മുടെ ചെറുകിട സംരംഭകർ രംഗത്തുവന്നു. കേരളത്തിലെ ചെറുകിട ഇൻഡസ്ട്രീസ്, സൂക്ഷ്മ-ഇട ത്തരം വ്യവസായങ്ങൾ അവരെ പൂർണ്ണമായിട്ട് അവഗണിക്കാനൊ ക്കുമോ? അവിടെയാണ് ഈ ഗവൺമെന്റ് ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ ധനകാര്യ മന്ത്രി കൊണ്ടുവന്ന നല്ല നിർദ്ദേശങ്ങൾ നമ്മുടെ സംരംഭകർക്ക് സപ്പോർട്ട് സ്കീം, 20 ശതമാനം സബ്സിഡി കൊടുക്കുക

യാണ്. നേരത്തെ മാർജിൻ മണി ലോൺ അതുകൂടി സബ്സിഡിയായിട്ട് മാറ്റി 10+10 = 20 ശതമാനം സബ്സിഡി അദ്ദേഹം പ്രഖ്യാപിച്ചു കഴിഞ്ഞു. അതോടൊപ്പം തന്നെ ടെക്നോളജി മോഡണൈസേഷനുവേണ്ടിയുള്ള സബ്സിഡി അഞ്ച് ലക്ഷം രൂപവരെ. ഒരേ സമയത്ത് പുതിയ തലമുറ യുടെ ചിന്താഗതിക്ക് അനുസൃതമായിട്ടുള്ള വ്യവസായം അതോടൊപ്പം തന്നെ പരമ്പരാഗത വ്യവസായ മേഖല, നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന സൂക്ഷ്മ-ഇടത്തരം ചെറുകിട വ്യവസായങ്ങൾ, പൊതുമേഖല വ്യവസാ യങ്ങൾ ഇതിനെയെല്ലാം ഒരുപോലെ കണ്ടുകൊണ്ട് നല്ല ഒരു നയം ആവി ഷ്ക്കരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കുന്നു എന്നുള്ളതാണ് തീർച്ചയായിട്ടും ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടിയുടെ ഈ രംഗത്തെ നയാ വിഷ്ക്കരണത്തിന്റെ പ്രത്യേകത. എമർജിംഗ് കേരള എന്താണെന്ന് ചോദി ച്ചു ശ്രീ. സി. ദിവാകരൻ... അതിന്റെ റിസൾട്ട് കാണാൻ പോകുന്നതേയു ള്ളു. ജിം-ന്റെ ഗുണഫലങ്ങൾ മോശമെന്നു പറയാനൊക്കുമോ? ഒരുപാട് നല്ല ഫലങ്ങളുണ്ടായിരുന്നു. ഇപ്പോൾ എമർജിംഗ് കേരള-2012, എല്ലാ ഈരണ്ട് വർഷവും നടപ്പിലാക്കാൻ പോകുന്നത് നല്ല ആശയമാണ്. എന്തെല്ലാം പുതിയ സ്കീമുകളാണ് വരാൻ പോകുന്നത്. അതിനകത്ത് കൊണ്ടുവരുന്ന പുതിയ പദ്ധതികളുടെ ഫലമായിട്ട് നമ്മുടെ സംസ്ഥാ നത്ത് എത്രയോ തൊഴിലവസരങ്ങൾ ഉണ്ടാകാൻ പോകുന്നു. പക്ഷേ അങ്ങനെ വരുമ്പോൾ ഒരുകാര്യത്തിന് ഊന്നൽ കൊടുക്കേണ്ടതായി ട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് തകരുന്ന കാർഷികോല്പന്നങ്ങൾ,

നമ്മുടെ പ്രകൃതി വിഭവങ്ങൾ അതിനെ അടിസ്ഥാനമാക്കിയുള്ള കാർഷി കാധിഷ്ഠിത വ്യവസായങ്ങൾക്ക് നമ്മുടെ എമർജിംഗ് കേരള പദ്ധതിയിൽ നല്ല പ്രാധാന്യം കൊടുക്കുവാൻ വ്യവസായ മന്ത്രി താല്പര്യമെടുക്കു മെന്ന് പ്രതീക്ഷിക്കുകയാണ്. നാളികേര രംഗത്തെക്കുറിച്ച് ഇവിടെ സൂചി പ്പിച്ചു. തകർച്ചയെ നേരിടുന്നു. പരമ്പരാഗത മേഖലയിൽ സുഗന്ധദ്രവ്യ ങ്ങൾ അതിനെയൊക്കെ റാ-മെറ്റീരിയലായി ഉപയോഗിച്ചുകൊണ്ട് അതി നെയൊക്കെ അടിസ്ഥാനമാക്കിയുള്ള നല്ല വ്യവസായങ്ങൾകൂടി നമ്മുടെ എമർജിംഗ് കേരള പദ്ധതിയിൽ കൊണ്ടുവരുന്നത് ഏറെ ആശ്വാസകര മാണ്. ഐ.ടി. മേഖലയെക്കുറിച്ച് അങ്ങ് എടുത്ത് പറയുകയുണ്ടായി. എത്രയോ വലിയ ചുവടുവയ്പാണ് ഈ ഗവൺമെന്റ് നടത്തിയത്. സ്മർട്ട് സിറ്റി പോയി എന്ന് വിചാരിച്ചതല്ലേ, നഷ്ടപ്പെട്ടുവെന്നു വിചാരിച്ച സ്മാർട്ട് സിറ്റി തിരിച്ചുവന്നു. പവലിയൻ മാത്രമല്ല ഉദ്ഘാടനം ചെയ്തത്, പുതിയ കൺസ്ട്രക്ഷൻ വർക്കിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞു. രണ്ടുവർഷം സമയം കൊടുത്തിരിക്കുകയാണ്. അതിന്റെ നിർമ്മാണം നടക്കാൻ പോകുന്നു. ഇൻഫോസിസ്-ന് തലസ്ഥാന നഗരിയിൽ, തിരുവ നന്തപുരത്ത് രണ്ട് കാമ്പസാണ്, ഇൻഫോ-പാർക്ക് കൊച്ചിയിൽ ഇത്രയും വലിയ മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാൻ സാധിച്ചത് ആ വശത്ത് വ്യവസായ മന്ത്രി കൊടുത്ത ധീരമായ നേതൃത്വവും നല്ല കാഴ്ച പ്പാടും പുതിയ ലോകത്തിന്റെ ആവശ്യങ്ങൾ എന്താണെന്ന് മനസ്സിലാ ക്കാനുള്ള കഴിവുകളുമാണ്. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം യോജി

പ്പിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്നിരിക്കുന്ന ഈ നല്ല പരിപാടികൾ അതിനെ പിന്താങ്ങുകയാണ് വേണ്ടത്. ശ്രീ. സി. ദിവാകരൻ ഇടയ്ക്ക് അദ്ദേഹം പറഞ്ഞത്, ഞങ്ങളുമതിനെ സന്തോഷത്തോടെ കാണുന്നു. ഒരു സ്ഥിരമായ നയം വേണം. അങ്ങനെ ഒരു നയമാണ് അദ്ദേഹം കൊണ്ടുവന്നിരിക്കുന്നത്. കരട് നയം വന്നു, കൂടുതൽ ചർച്ച ഇനി നടക്കാൻ പോകുന്നു. ഒരു സ്ഥിരമായ നയം തൊഴിൽ മന്ത്രിയും വ്യവസായ മന്ത്രിയും എടുത്തുപറയുന്ന ഒരുകാര്യം മുതൽ ഉടമയും തൊഴിലാളിയും തമ്മിലുള്ള സഹകരണം, സൗഹൃദമായ ഒരു അന്ത രീക്ഷം, അത് സ്ഥാപിച്ചുകൊണ്ട് തൊഴിൽ മേഖലയെ ശാന്തമായി കൊണ്ടുപോയിക്കൊണ്ട് ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേര ളത്തെ മാറ്റുവാനും ധാരാളം പുതിയ വ്യവസായങ്ങൾ കേരളത്തിൽ കൊണ്ടുവരുവാനുമായി ഇട്ടിരിക്കുന്ന നല്ല പരിപാടികൾ നടപ്പിലാക്കുവാ നുള്ള ധനാഭ്യർത്ഥനയാണ് ബഹുമാന്യനായ ശ്രീ.പി.കെ. കുഞ്ഞാലി ക്കുട്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്താങ്ങുന്നു.

ശ്രീ. എ.എ. അസീസ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കശുവണ്ടി മേഖലയിൽ നിന്ന് വരുന്ന ഒരു നിയമ സഭാ സാമാജികനെന്നുള്ള നിലയിൽ പ്രധാനമായും യു.ഡി.എഫ്. അധി കാരത്തിൽ വരുമ്പോഴെല്ലാംതന്നെ കശുവണ്ടി മേഖല വലിയ പ്രതിസ ന്ധിയിലകപ്പെടുകയാണ് ചെയ്യുന്നത്. ഇപ്പോൾ അങ്ങനെ സംഭവിച്ചതിന്റെ ഉത്തരവാദിത്തം യഥാർത്ഥത്തിൽ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥ ന്മാർക്കാണ്. അതുകൊണ്ടുതന്നെയാണ് ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ഏതാണ്ട് മുപ്പതിനായിരം തൊഴിലാളികൾ പണിയെടുക്കുന്ന രണ്ട് സ്ഥാപനങ്ങളാണ്. കശുവണ്ടി വികസന കോർപ്പ റേഷനിൽ 20,000 തൊഴിലാളികളും കാപ്പെക്സിൽ 5,000 തൊഴിലാളിക ളും അങ്ങനെ 25,000 തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളാ ണ്. ഈ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കി മുന്നോട്ടുകൊണ്ടുപോവു കയും അവിടത്തെ തൊഴിലാളികളെ സംരക്ഷിക്കുകയും ചെയ്യേണ്ടത് സംസ്ഥാന ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. അത് മുൻകാലങ്ങളിൽ ബഡ്ജറ്റ് സപ്പോർട്ടോടുകൂടി മാത്രമേ ഈ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും നിലനിർത്താനും സാധിക്കുകയുള്ളുവെന്ന സമീപ നമായിരുന്നു ഇടതുപക്ഷ ഗവൺമെന്റിന്റെ കാലഘട്ടങ്ങളിലെല്ലാം തന്നെ വ്യവസായ വകുപ്പ് സ്വീകരിച്ചിരുന്നത്. 2001-ന് മുൻപ് ഐ.എൻ.ടി.യു. സി.-യുടെ നേതാവായിരുന്ന ശ്രീ. സുരേഷ്ബാബു ചെയർമാനായിരുന്ന കാലഘട്ടത്തിൽ വലിയൊരു സമരം നടന്നു. അന്ന് ഐ.എ.എസ്.- കാര

നായിരുന്ന ഒരു ഉദ്യോഗസ്ഥനെ കൊല്ലാൻ ശ്രമിച്ചുവെന്ന് കള്ളപ്രചരണം നടത്തി സമരസമിതിയുടെ കൺവീനറായിരുന്ന എന്നെ പോലീസ് അറസ്റ്റ് ചെയ്തതുമൂലം രണ്ടുനാൾ ലോക്കപ്പിൽ കഴിയേണ്ടിവന്ന സംഭവം തന്നെ ഉണ്ടായതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ യാതൊരു പ്രശ്നവും ഇല്ലാതെ വർഷം മുഴുവൻ ജോലിയുമായി സുഭിക്ഷമായി തൊഴിലാളികൾ ശമ്പളം വാങ്ങി സന്തോഷത്തോടുകൂടി കഴിഞ്ഞ കാലഘട്ടമായിരുന്നു. യു.ഡി.എഫ്. വീണ്ടും അധികാരത്തിൽ വന്നു. ഇത് ഞാൻ പറയുന്നതല്ല. ഇപ്പോൾ അതിന്റെ ചെയർമാൻ കോൺഗ്രസ്സിന്റെ ഒരു പ്രമുഖനായ നേതാവാണ്. ഐ.എൻ.ടി.യു.സി.-യുടെ സംസ്ഥാന പ്രസിഡന്റാണ് ചന്ദ്രശേഖരൻ. അഖിലേന്ത്യാ ഐ.എൻ.ടി.യു.സി.-യുടെ സെക്രട്ടറിമാരിൽ ഒരാളാണ് അദ്ദേഹം. അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള വലിയൊരു പ്രസ്താവന മാതൃഭൂമി പത്രത്തിലും മറ്റ് പത്രങ്ങളിലും വന്നിരുന്നു. "അപവാദ പ്രചരണം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനെ തകർക്കാൻ" ആർ. ചന്ദ്രശേഖരൻ, ചെയർമാൻ. കോൺഗ്രസ്സുകാരനായ ചന്ദ്രശേഖരൻ. ഞാൻ ആവർത്തിച്ചു പറയുന്നു, എന്റെ ആരോപണമല്ല ചന്ദ്രശേഖരന്റെ ആരോപണമാണ്. "2005 മുതൽ 2012 വരെയുള്ള ഏഴ് വർഷക്കാലമാണ് കശുവണ്ടി വികസന കോർപ്പറേഷൻ തുടർച്ചയായി ഏറ്റവും നന്നായി പ്രവർത്തിച്ചതെന്ന് കാണാം. തൊഴിൽ ദിനങ്ങളിലും ടേൺ ഓവറിലും

ഇക്കാലം റിക്കോർഡ് സൃഷ്ടിച്ചു. ബാങ്കുകളുടെ സഹായമില്ലാതിരുന്നിട്ടുകൂടി ആഭ്യന്തരവും അന്താരാഷ്ട്രവുമായ സാമ്പത്തികസ്ഥിതിക്ക് അനുസരണമായി വ്യവസായം ചിട്ടപ്പെടുത്തിയാണ് കെ.എസ്.ഐ.ഡി.സി. ഈ നേട്ടം കൈവരിച്ചത്. മറ്റൊരു ഭാഗത്ത് അദ്ദേഹം പറയുന്നു, 2005 മുതലുള്ള പ്രവർത്തനങ്ങളിൽ കശുവണ്ടി വികസന കോർപ്പറേഷന് യോജിച്ച ഒരു ബിസിനസ് മോഡൽ പല പരീക്ഷണങ്ങളും നടത്തി വിജയകരമാണെന്ന് തെളിയിച്ചു. തൽഫലമായി വർക്കിംഗ്ക്യാപ്പിറ്റൽ ഇല്ലാതിരുന്നിട്ട് കൂടി 288 ദിവസം ജോലിയും 271 കോടി രൂപ ടേൺ ഓവറും 2011-2012 വർഷത്തിൽ നേടാൻ കഴിഞ്ഞു. ഈ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായിത്തന്നെ നൽകുവാനും രണ്ട് പ്രാവശ്യം തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുവാനും കോർപ്പറേഷന് കഴിഞ്ഞു. ഇപ്പോൾ സംജാതമായിരിക്കുന്ന മറ്റൊരു സ്ഥിതിവിശേഷം എല്ലായിപ്പോഴും ഭരണമാറ്റം ഉണ്ടാകുമ്പോൾ നിലവിലുള്ള സംവിധാനങ്ങളെ അട്ടിമറിക്കുവാനും ഉയർന്ന ഉദ്യോഗസ്ഥരടക്കമുള്ളവർ ശ്രമിക്കാറുണ്ട്. ഇപ്പോഴും സംഭവിക്കുന്നത് അതുതന്നെയാണ്. എന്റെ നേതൃത്വത്തിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെ ഡയറക്ടർ ബോർഡ് അതിനെ അതിജീവിക്കും എന്നതിൽ ഒരു തർക്കവും വേണ്ട. ചില ഉദ്യോഗസ്ഥർ അവർക്ക് അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് പഠിച്ചുവരാൻ കുറച്ച് സമയമെടുക്കും. ഈ സമയത്ത് നടന്നതും നടക്കുന്നതുമൊക്കെ തെറ്റാണെന്ന് അവർക്ക് തോന്നുകയും മന്ത്രിമാരെ

ഉൾപ്പെടെ അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യും. കാര്യങ്ങൾ വസ്തുനിഷ്ഠമായി മനസ്സിലാക്കുകയും ഇരുപതിനായിരത്തോളം വരുന്ന തൊഴിലാളികളുടെയും അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടേയും ജീവിതമാർഗ്ഗം എന്ന നിലയിൽ ഈ വിഷയത്തിൽ ശക്തമായ അഭിപ്രായമാണ് തൊഴിലാളി സംഘടന നേതാവെന്ന നിലയിൽ എനിക്കുള്ളത്. മുൻകാലത്തെ മന്ത്രിയുടെ ഇക്കാര്യത്തിലുള്ള താല്പര്യവും അഭിനന്ദനാർഹമാണ്. അന്നും ഇവിടെ ഉദ്യോഗസ്ഥരുണ്ടായിരുന്നു. ഇവരൊന്നും കെ.എസ്.ഐ.ഡി.സി.-യുടെ പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയായില്ല. അവരെ അതിന് അനുവദിക്കുകയുമില്ലായിരുന്നു. ഇപ്പോൾ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നത് ഇടതുപക്ഷമല്ല മറിച്ച് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥന്മാരാണ്. യു.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിൽ കെ.എസ്.ഐ.ഡി.സി.-ക്ക് പണം വകയിരുത്തിയിട്ടും വ്യവസായ വകുപ്പിലെ ചില ഉദ്യോഗസ്ഥന്മാർ അത് ലഭിക്കുന്നതിന് തടസ്സം നിൽക്കുകയാണ്. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ സമ്പന്നന്മാർക്ക് മാത്രം ഉപയോഗിക്കുവാനുള്ള ടൂറിസം പദ്ധതിക്കുവേണ്ടി എൺപത് കോടി രൂപ ചെലവാക്കാനായി ശക്തിയുക്തം വാദിക്കുകയും എന്നാൽ കെ.എസ്.ഐ.ഡി.സി. ഈ ഫണ്ട് തരുന്നതിനെ എതിർക്കുകയും ചെയ്യുന്ന നിലപാടാണ് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്മാരിൽനിന്നും ഉണ്ടാകുന്നത്. ദൈവം കനിഞ്ഞാലും പൂജാരി കനിയില്ല എന്ന അവസ്ഥയാണ്. എന്നുപറഞ്ഞാൽ മന്ത്രി കനിഞ്ഞാലും സെക്ര

ട്ടറിമാർ കനിയുന്നില്ല. മറ്റൊരു ഭാഗത്ത് പറയുന്നത്, കഴിഞ്ഞ ഏഴുവർഷം കൊണ്ട് കെ.എസ്.ഐ.ഡി.സി. തൊഴിലാളികൾക്ക് ആശ്രയിക്കാവുന്ന ഒരു തൊഴിൽ ദാതാവായി മാറി. എന്നാൽ അതിനെ അട്ടിമറിക്കുന്ന തരത്തിലാണ് ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം. തൊഴിലാളികളുടെ പട്ടിണിയെക്കുറിച്ച് ഉദ്യോഗസ്ഥന്മാർക്ക് അറിയില്ലല്ലോ; സംസ്ഥാന സർക്കാർ സഹായത്തോടൊപ്പം കേന്ദ്രഗവൺമെന്റ് സഹായവും ആവശ്യമാണ്. വായിക്കാൻ ഒരുപാട് കാര്യമുണ്ട്. ഇതിലെ പ്രധാന ഭാഗം മാത്രമേ പറഞ്ഞുള്ളു. ഇതാണ് സംഭവം. ഗവൺമെന്റ് മാറി വന്നപ്പോൾ ദൈവം കനിഞ്ഞാലും പൂജാരി കനിയില്ല എന്ന നിലയിലുള്ള സമീപനമാണെന്നാണ് ശ്രീ. ചന്ദ്രശേഖരന്റെ പ്രസ്താവനയിൽക്കൂടി മനസ്സിലാകുന്നത്. നേരത്തെ വ്യവസായ വകുപ്പിൽ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. യഥാർത്ഥത്തിൽ ഭരണമാറ്റം വഴി വരുന്ന ഉദ്യോഗസ്ഥന്മാരുടെ മനോഭാവം എന്താണെന്ന് ചോദിച്ചാൽ സ്വകാര്യ മേഖലയെ സഹായിക്കുക. കശുവണ്ടി എന്ന് കേട്ടാൽ, സ്വകാര്യ മുതലാളിമാരെ സഹായിക്കുക, പൊതുമേഖലയെ തളർത്തുക ഈ സമീപനമാണ് ഇന്ന് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചിരിക്കുന്നത്. ഉദ്യോഗസ്ഥന്മാരുടെ സമീപനം ഈ നിലയിൽ തുടർന്നാൽ അതിശക്തമായ പ്രക്ഷോഭണത്തെ അവർ നേരിടേണ്ടിവരും എന്ന കാര്യം ഒരു മുന്നറിയിപ്പായി ആ മേഖലയിൽ നിന്ന് വരുന്ന പ്രമുഖമായ എല്ലാ സംഘടനകളേയും നയിച്ചു

കൊണ്ട് സമരം നടത്തിയിട്ടുള്ള ഒരു സഖാവെന്ന നിലയിൽ ഞാൻ പ്രഖ്യാപിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി സർക്കാരിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാരിന്റെ വ്യവ സായ വകുപ്പിനെ കാര്യക്ഷമമാക്കി കേരളത്തിലെ തൊഴിൽ അന്വേഷി ക്കുന്ന ചെറുപ്പക്കാർക്കും നിക്ഷേപകർക്കും പ്രതീക്ഷയായിക്കൊണ്ട് ധീര മായി മുന്നോട്ടുപോകുന്ന വ്യവസായ വകുപ്പിന്റെ സുൽത്താനായ വകു പ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥ നയെ കേരളത്തിലെ ചെറുപ്പക്കാർക്കുവേണ്ടി ഞാൻ സന്തോഷപൂർവ്വം പിൻതുണയ്ക്കുന്നു. ഇന്ന് കേരളത്തിൽ യു.ഡി.എഫ്. സർക്കാർ അധി കാരത്തിൽ വന്നപ്പോൾ എല്ലാ വകുപ്പുകളേയും ജനങ്ങളുടെ പ്രതീക്ഷ യ്ക്കൊത്ത് ഉയർത്തിക്കൊണ്ടുവന്ന ഒരു ഗവൺമെന്റായി മാറിയിരിക്കുക യാണ്. വൈവിധ്യപൂർണ്ണമായ കേരളത്തിന്റെ സാഹചര്യങ്ങളെ പരമാ വധി പ്രയോജനപ്പെടുത്തി പൊതുമേഖലാ വ്യവസായങ്ങളെ സംസ്ഥാന ത്തേക്കാകർഷിക്കാൻ ആവശ്യമായ ലക്ഷ്യം മുൻനിർത്തിയാണ് വ്യവ സായ നയത്തിന്റെ കരട് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. ഈ കരട് ഉണ്ടാക്കിയത് വളരെ നല്ല രീതിയിൽ തന്നെയാണ്. നിക്ഷേപകർ അക്കാ ഡമിക് വിദഗ്ദ്ധർ നവസംരംഭകർ, സർക്കാർ ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ ഇവരുമായി ചർച്ച ചെയ്ത് തീരുമാനിച്ചശേഷമാണ് ഈ പുതിയ വ്യവസായ നയം രൂപീകരിച്ചിരിക്കുന്നത്. വിവധ മേഖലകളിൽ

പ്രാമുഖ്യം തെളിയിച്ചിട്ടുള്ളവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതുതന്നെ ഈ ഗവൺമെന്റിന്റെ വ്യവസായ വികസനത്തോടുള്ള ആത്മാർത്ഥതയെയാണ് കാണിക്കുന്നത്. എമർജിംഗ് കേരള നിക്ഷേപ സംഗമത്തെ വളരെ പ്രതീക്ഷയോടുകൂടിയാണ് നമ്മൾ കാത്തിരിക്കുന്നത്. ഈ കൂട്ടായ വ്യവസായ നയരൂപീകരണത്തെത്തുടർന്ന് ഇനി കേരളം ഉറ്റുനോക്കുന്നത് സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ വച്ച് പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ഉദ്ഘാടനം ചെയ്യുന്ന എമർജിംഗ് കേരള നിക്ഷേപ സംഗമത്തെയാണ്. ഈ നിക്ഷേപ സംഗമം കഴിയുന്നതോടുകൂടി കേരളത്തിലേയ്ക്ക് വൻതോതിൽ നിക്ഷേപകർ വരികയും അതോടൊപ്പം പുതിയ തൊഴിൽ സാധ്യതകൾ രൂപപ്പെടുമ്പോൾ കേരളത്തിലെ വിദ്യാസമ്പന്നരായ, തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് വളരെയധികം പ്രതീക്ഷയാണുള്ളത്. എറണാകുളം ജില്ല തീർച്ചയായും എമർജിംഗ് കേരള വരുമ്പോൾ വ്യവസായത്തിൽ വളരെയധികം കുതിച്ചുയരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എറണാകുളം സിറ്റി മാത്രമല്ല ആ പ്രദേശത്തുള്ള എല്ലാ മേഖലയിലും അതിന്റേതായ ഒരു പ്രകമ്പനവും വികസനവും തീർച്ചയായും ഉണ്ടാകും എന്ന് ഞങ്ങളെല്ലാം പ്രതീക്ഷിക്കുന്നു. കഴിഞ്ഞ സർക്കാരിനോ അന്നത്തെ വ്യവസായ മന്ത്രിക്കോ സങ്കൽപ്പിക്കാൻപോലും സാധിക്കാത്ത ഒരു കാര്യമാണ് ഇവിടെ എമർജിംഗ് കേരള കൊണ്ട് നമുക്കുണ്ടാകാൻ പോകുന്നത്. മലപ്പുറത്തുകാരുടെ സ്വന്തം കുഞ്ഞാപ്പയായ നമ്മുടെ വ്യവസായ വകു

പ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി സാറിന്റെ വ്യവസായ നയത്തിലുള്ള ദീർഘവീക്ഷണമാണ് എമർജിംഗ് കേരള കൊണ്ട് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. സർ, എമർജിംഗ് കേരള വരുമ്പോൾ ആലുവയിലും അതിനോടനുബന്ധിച്ചുള്ള വ്യവസായസ്ഥാപനങ്ങൾ കൊണ്ടുവരണമെന്ന് ഈ അവസരത്തിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ശ്രീ. പി. കെ കുഞ്ഞാലി ക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായതോടുകൂടി വ്യവസായ/ ഐ.ടി. മേഖലകളിൽ ഒരു പുത്തൻ ഉണർവ്വ് ദൃശ്യമായതിന്റെ വ്യക്തമായ ഉദാഹ രണമാണ് പുതിയ വ്യവസായ നയവും എമർജിംഗ് കേരള നിക്ഷേപക സംഗമവുമെല്ലാം നടക്കാൻ പോകുന്നത്. എമർജിംഗ് കേരള സംഗമം കഴിയുന്നതോടുകൂടി കേരളത്തിന്റെ, പ്രത്യേകിച്ച് എറണാകുളം ജില്ല യുടെ മുഖച്ഛായതന്നെ മാറുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. വ്യ വസായ സംരംഭകർ ഗ്രാമത്തിലേയ്ക്ക് വരും. നമുക്കറിയാം, ആന്ധ്രാപ്ര ദേശിൽ ശ്രീ. ചന്ദ്രബാബു നായിഡു വളരെയധികം വിക സനപ്രവർത്തനങ്ങൾ കൊണ്ടുവന്നു. പക്ഷേ, ഹൈദ്രാബാദ്, സെക്കന്തരാ ബാദ് സിറ്റികളിൽ മാത്രമായി വികസനമൊതുങ്ങിനിന്നു. ഗ്രാമങ്ങളിൽ വികസനത്തിനായി ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഇവിടെ അത് സംഭവിക്കാതിരിക്കാനാണ് എല്ലായിടത്തും വികസനമെത്തിക്കുന്നതിന്, കേരളത്തിന്റെ സമഗ്ര വികസനത്തിനായി വ്യവസായ ഇടനാഴികൾ രൂപീ കരിക്കുന്നത്.കൊച്ചി-കോയമ്പത്തൂർ മേഖലയിൽ വ്യവസായ ഇടനാഴി

രൂപീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. കൊച്ചി മുതൽ പാലക്കാട് വരെ കേരളത്തിലെ ഭാഗങ്ങളിൽകൂടി കടന്നുപോകുന്ന ഇടനാഴി വരുന്നതോടുകൂടി വൻതോതിൽ പുതിയ സംരംഭങ്ങളുണ്ടാകുമെന്നത് ഉറപ്പാണ്. ഈ ഇടനാഴിയിൽ വ്യവസായ-ഉല്പാദന സോണുകൾ രൂപീകരിക്കും, അതോടെ ഗ്രാമങ്ങളിൽ വ്യവസായ വികസനത്തിന്റെ ഫലമെത്തിച്ചേരും. വൻകിട വ്യവസായ സംരംഭങ്ങളെ മാത്രമല്ല സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് ഈ സർക്കാർ എടുക്കുന്നത്. ഈ സർക്കാരിന്റെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് സ്വയം സംരംഭകത്വ മിഷൻ. ആ പദ്ധതിയിലൂടെ വ്യവസായ വകുപ്പും ധനകാര്യ വകുപ്പുമായി ചേർന്ന് ചെറുപ്പക്കാർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയും വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ചെറുപ്പക്കാരുടെ മനസ്സറിഞ്ഞ് പ്രവർത്തിക്കുന്ന രണ്ടു മന്ത്രിമാരാണ്. വ്യവസായ വകുപ്പ് സാമൂഹ്യസുരക്ഷാ പദ്ധതികൾ ഇന്ന് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുവാനാണ് മാതാപിതാക്കൾ ഇന്ന് ഏറ്റവുമധികം ബുദ്ധിമുട്ടുന്നത്. വ്യവസായ വകുപ്പ് ഇന്ന് ആ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. മാതാപിതാക്കൾക്ക് ആശ്വാസമെത്തിക്കുന്ന നടപടികൾക്ക് വ്യവസായ വകുപ്പ് തുടക്കം കുറിച്ചിരിക്കുകയാണ്. കെ.എസ്.ഐ.ഡി.സി.-യുടെ സമ്പൂർണ്ണ സുവർണ്ണ ജൂബിലി ആഘോഷ

ങ്ങളുടെ ഭാഗമായി 50 പെൺകുട്ടികളുടെ മുഴുവൻ വിദ്യാഭ്യാസച്ചെലവും ഏറ്റെടുക്കാൻ തീരുമാനിച്ചതായി അറിയുന്നു. ഇത് വളരെയധികം സന്തോഷമുള്ള കാര്യമാണ്. 50 പെൺകുട്ടികൾ എന്നുള്ളത് 100 ആക്കി ഉയർത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. അതു പോലെ ലാഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങ ളുടെയും മൂന്നു ശതമാനം ലാഭവിഹിതം സാമൂഹ്യസുരക്ഷാ പദ്ധതി കൾക്കായി നീക്കിവയ്ക്കാൻ തീരുമാനിച്ചതായി അറിയുന്നു. അത് വളരെ നല്ല കാര്യമാണ്. മൂന്നു ശതമാനമെന്നത് പത്തു ശതമാനമാക്കി ഉയർത്ത ണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. മറ്റു മന്ത്രിമാരും തങ്ങളുടെ വകുപ്പുകളിലെ ലാഭമുള്ള സ്ഥാപനങ്ങളിൽ ഈ തീരുമാനം ഏർപ്പെടുത്തികൊണ്ട് സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കണ മെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, മുൻ സർക്കാരിന്റെ കാലത്ത് കള്ളക്കണക്കുകൾ കാണിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണെന്ന് ഇവിടെ പ്രചരിപ്പിക്കുകയുണ്ടായി. ഈ സർക്കാരിന്റെ അഞ്ചുവർഷം പൂർത്തിയാകുമ്പോൾ നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപന ങ്ങൾകൂടി ലാഭത്തിലാക്കുന്നതിന് ബഹുമാന്യനായ മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടിക്ക് കഴിയുമെന്ന് ഞങ്ങൾക്ക് നല്ല ഉറപ്പുണ്ട്. അദ്ദേഹ ത്തിന്റെ പ്രവർത്തന പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് അവ ലാഭത്തി ലാക്കാൻ കഴിയുമെന്ന് ഈ അവസരത്തിൽ പറയുകയാണ്. പൊതുമേ

ഖലാ സ്ഥാപനങ്ങളുടെ തലപ്പത്തുള്ള ഉദ്യോഗസ്ഥരെ നിയമിക്കാൻ സംസ്ഥാനത്ത് ഒരു പ്രൊഫഷണൽ മാനേജ്മെന്റ് കേഡർ വേണമെന്ന് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുകയും അതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യണം. എന്റെ നിയോജക മണ്ഡലത്തിലെ ഏക പൊതുമേഖലാ സ്ഥാപനമായ എഫ്.ഐ.റ്റി. ഇന്ന് ലാഭത്തിലാണ് മുന്നോട്ടുപോകുന്നത്. ഈ സ്ഥാപനം കൂടുതൽ ലാഭത്തിലാക്കുന്നതിന് അനന്ത സാധ്യതകളുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ഫർണീച്ചർ കമ്പനിയായ ഐ.ക്യൂ. ഇൻഡ്യയിൽ 15000 കോടി രൂപ മുതൽമുടക്കുവാൻ സന്നദ്ധമായതായി അറിയാൻ കഴിഞ്ഞു. മുപ്പതു ശതമാനം അസംസ്കൃത വസ്തുക്കൾ ഡൊമസ്റ്റിക് മാർക്കറ്റിൽ നിന്നും വാങ്ങണമെന്ന കേന്ദ്ര ഗവൺമെന്റ് നിബന്ധന പ്രാവർത്തികമാകുമ്പോൾ എഫ്.ഐ.റ്റി.ക്ക് അനന്ത സാധ്യതകളുണ്ടാകും. ഐ.ക്യൂ.വുമായി ചേർന്ന് എഫ്.ഐ.റ്റി.ക്ക് (ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ) നല്ല രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കുകയാണെങ്കിൽ കൂടുതൽ തൊഴിൽ സാധ്യതകളുണ്ടാക്കാനും കൂടുതൽ ലാഭത്തിലേയ്ക്ക് കൊണ്ടുപോകാനും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമുക്കറിയാം, ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഈറ്റ വെട്ടുന്നതിന് അനുവാദമില്ലാത്തതാണ്. സാധാരണഗതിയിൽ സർക്കാർ

ഇളവ് നൽകാറുള്ളതാണ്. എന്നാൽ ഇത്തവണ ഇളവ് കൊടുക്കുവാൻ ഗവൺമെന്റ് ഉത്തരവിട്ടെങ്കിലും താഴെത്തലത്തിലുള്ള ഓഫീസിൽ നിന്ന് അനുമതി ലഭിക്കാത്തതുമൂലം ഈറ്റത്തൊഴിലാളും പനമ്പുനെയ്ത്തു തൊഴിലാളികളും പട്ടിണിയിലാണ്. ഇക്കാര്യത്തിൽ അങ്ങ് ഇടപെട്ടു കൊണ്ട് ഒരു തീരുമാനമെടുക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിലെ തൊഴിലാളികൾക്ക് ഇരുപത് ശത മാനം കൂലി വർദ്ധനവ് നൽകിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാലും ഈ മേഖലയിലെ തൊഴിലാളികൾക്ക് നിത്യവൃത്തിക്കുള്ള കൂലി ഇപ്പോഴും ലഭിക്കുന്നില്ല. തൊഴിലുറപ്പു പദ്ധതിയിൽ പണിയെടു ക്കുന്ന തൊഴിലാളികൾക്ക് കിട്ടുന്ന 164 രൂപപോലും ഇവർക്ക് ലഭിക്കുന്നി ല്ല. അതുകൊണ്ട് അവരുടെ കൂലി 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു. ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള അന വധി യൂണിറ്റുകൾ എന്റെ നിയോജക മണ്ഡലത്തിലുള്ളതിനാൽ ആ തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ നേരിട്ട് മനസ്സിലാക്കിയതുകൊണ്ടാണ് ഈ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ടെൽക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട എസ്. ശർമ്മ സൂചിപ്പിച്ചു. പൊതുമേഖലാ സ്ഥാപനമായ ടെൽക്ക് ലാഭത്തിലാണ് മുന്നോട്ടുപോകുന്നത്. ആ സ്ഥാപനത്തിൽ മുപ്പതു വർഷത്തിലധികമായി ജോലി ചെയ്യുന്ന ക്യാന്റീൻ തൊഴിലാളി കളെ കമ്പനിത്തൊഴിലാളികളായി സ്ഥിരപ്പെടുത്തി നിയമിക്കണമെന്ന് എല്ലാ യൂണിയനുകളും ആവശ്യപ്പെട്ടിരുന്നു. ട്രൈബ്യൂണൽ വിധി

വന്നിട്ടും മാനേജ്മെന്റ് ഇതിനു സമ്മതിക്കാതെ ഹൈക്കോടതിയെ സമീ പിച്ചിരിക്കുകയാണ്. തൊഴിലാളികളെ സ്നേഹിക്കുന്ന ഉദാരമനസ്കനായ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നടപടി സ്വീക രിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ട്രാവൻകൂർ റയോൺസിനെക്കുറിച്ചും ബഹുമാനപ്പെട്ട ശർമ്മ സൂചിപ്പിച്ചു. പതിനൊന്നു വർഷമായി ആ സ്ഥാപനം പൂട്ടിക്കിടക്കുകയാണ്. തൊഴിലാളികൾക്ക് യാതൊരാനുകൂ ല്യവും ഇതുവരെ നൽകിയിട്ടില്ല. ആലുവ നിയോജക മണ്ഡലത്തിലുള്ള ധാരാളംപേർ അവിടെ ജോലി ചെയ്യുന്നുണ്ട്. യു.ഡി.എഫ്. ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമ ന്ത്രിയും സ്ഥലം എം.എൽ.എ.-യുമൊക്കെ പലതവണ ചർച്ച നടത്തിയി ട്ടും ഇക്കാര്യത്തിൽ ഇതുവരെ തീരുമാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിലിടപെട്ടുകൊണ്ട് ആ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാനും തൊഴിലാളികളുടെ ആനുകൂല്യം കൊടു ക്കുന്നതിനും തയ്യാറാകണം. കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ ഇന്ന് ഐ.ടി.മേഖലയിൽ വളരെയധികം മുന്നിലാണ്. ഈ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഐ.ടി.മേഖലയിൽ അനന്തമായ സാധ്യത കേരളത്തിനുണ്ട്. കേരളത്തിന് രാജ്യത്തിന്റെ ഐ.ടി. ഭൂപട ത്തിൽ അധികം വൈകാതെ നിർണ്ണായകസ്ഥാനം കരസ്ഥമാക്കുന്നതിനു വേണ്ടി പുതിയൊരു ഐ.ടി. നയം രൂപീകരിക്കണം. ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളിലും പുറംരാജ്യങ്ങളിലും ജോലി ചെയ്യുന്ന ഐ.ടി.

പ്രൊഫഷണലുകളിൽ നല്ലൊരു പങ്ക് ഇവിടേയ്ക്ക് കൊണ്ടുവരുന്നതിന് ഐ.ടി.മേഖലയിൽ തൊഴിലെടുക്കുവാൻ അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കണം. ഐ.ടി. മേഖലയിൽ പണിയെടുക്കുന്നവർക്ക് ഒരു നിശ്ചിത സമയം നിശ്ചയിക്കുന്നത് തീർച്ചയായും നല്ലതാണ്. കാരണം, ഇന്ന് ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന വനിതകളായാലും പുരുഷൻമാരായാലും അവർക്ക് നിശ്ചിത സമയമില്ലാത്തതുകൊണ്ട് പല പ്രശ്നങ്ങൾക്കും സാഹചര്യമുണ്ടാകുന്നുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സ്മാർട്ട്സിറ്റിയുടെ കാര്യം ഇവിടെ ബഹുമാനപ്പെട്ട മുൻമന്ത്രി എസ്. ശർമ്മ സൂചിപ്പിക്കുകയുണ്ടായി. സ്മാർട്ട്സിറ്റി പദ്ധതിയിൽ ശ്രീ. ബെന്നി ബെഹനാൻ അടക്കമുള്ള നേതാക്കൻമാർ റീത്ത് സമർപ്പിക്കുകയുണ്ടായി എന്നു പറഞ്ഞത് ശരിയാണ്. യൂത്ത് കോൺഗ്രസ്സിന്റെ നേതാവായിരുന്നപ്പോൾ സ്മാർട്ട്സിറ്റി പ്രദേശത്ത് ഞങ്ങൾ റീത്ത് സമർപ്പിച്ചിച്ചുകൊണ്ട് പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് വ്യക്തമായ കാരണങ്ങളുണ്ടായിരുന്നു. ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് സ്മാർട്ട്സിറ്റി പദ്ധതി കൊണ്ടുവന്നത്. പക്ഷേ അതിനുശേഷം വന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ് സ്മാർട്ട്സിറ്റി പദ്ധതിയ്ക്ക് തുടക്കം കുറിച്ചപ്പോൾ യൂത്ത് കോൺഗ്രസ്സും യു.ഡി.എഫും കേരളത്തിലെ മുഴുവൻ ജനങ്ങളും സ്വാഗതം ചെയ്യുകയും അതിന് പൂർണ്ണമായ പിന്തുണ നൽകുകയും ചെയ്തു. പക്ഷേ അത് യാഥാർത്ഥ്യമാക്കാൻ നിങ്ങൾക്ക് സാധിച്ചില്ല.

ബഹുമാനപ്പെട്ട ശർമ്മയ്ക്കും ശ്രീ. വി.എസ്. അച്ചുതാനന്ദനും അത് യാഥാർത്ഥ്യമാക്കാൻ ആഗ്രഹമുണ്ടെന്ന് ഞങ്ങൾക്കറിയാം. പക്ഷേ നിങ്ങ ളുടെ പാർട്ടിയിലെ പടലപ്പിണക്കം മൂലം, പാർട്ടിയിൽ ഗ്രൂപ്പുള്ളതു കൊണ്ട്, ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗ്രൂപ്പ് ഈ സംരംഭം തുടങ്ങുവാൻ അനുവദിച്ചില്ല. അതാണ് നിങ്ങൾക്ക് പറ്റിപ്പോ യത്. അതിന് കോൺഗ്രസ്സിനെയോ യു.ഡി.എഫ്-നെയോ കുറ്റം പറ ഞ്ഞിട്ട് കാര്യമില്ല. പക്ഷേ ഇന്ന് ബഹുമാന്യനായ ഉമ്മൻ ചാണ്ടി അധികാ രത്തിൽ വന്നപ്പോൾ ആ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. സ്മാർട്ട്സിറ്റി പദ്ധതിക്ക് 10900 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഒരു പവലിയൻ പൂർത്തിയാക്കിയെന്ന് ഇവിടെ സൂചിപ്പിച്ചു. എന്തുകൊണ്ട് നിങ്ങൾക്ക് പൂർത്തിയാക്കാൻ സാധിച്ചില്ല? കൂടാതെ അതിന്റെ മാസ്റ്റർ പ്ലാനും പൂർത്തിയായി. 3.5 ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞു. അത് രണ്ടു വർഷത്തിനകം പൂർത്തിയാകും. അങ്ങനെ രണ്ടുവർഷത്തിനകം സ്മാർട്ട്സിറ്റി പൂർത്തിയാകുകയാണ്. ചെറുപ്പക്കാർക്ക് പ്രതീക്ഷയേകി ക്കൊണ്ട് സ്മാർട്ട്സിറ്റി യാഥാർത്ഥ്യമാകുന്ന ഒരു സാഹചര്യമാണ് ഇവിടെയുണ്ടാകാൻ പോകുന്നത്. ഞങ്ങൾ, പ്രത്യേകിച്ച് ചെറുപ്പക്കാ രുടെ പ്രതിനിധി എന്ന നിലയിൽ ഈ ഗവൺമെന്റിനേയും ശ്രീ.കുഞ്ഞാ ലിക്കുട്ടിയേയും ശ്രീ. ഉമ്മൻ ചാണ്ടിയെയും ഞാൻ അഭിനന്ദിക്കുന്നു. ചന്ദ്രശേഖരന്റെ വധത്തെത്തുടർന്ന് സി.പി.ഐ(എം) ഇന്ന് വലിയ

പ്രതിസന്ധിയെ നേരിടുകയാണ്. അതിൽ സി.പി.ഐ(എം) തന്നെയാണ് ഒന്നാം പ്രതിയെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിന്റെ വ്യ ക്തമായ ഉദാഹരണമാണ് സി.പി.ഐ(എം)-ന്റെ സെക്രട്ടേറിയറ്റ് അംഗം വരെയുള്ള ആളുകൾ ഗൂഢാലോചനയിൽ പങ്കാളികളായി തെളിവുസഹിതം അകത്തായിരിക്കുന്നത്. നിങ്ങളുടെ നുണ പ്രചരണ ത്തിന്റെ ശക്തമായ തിരിച്ചടിയാണത്. നിങ്ങൾക്ക് വിശ്വാസമില്ലാത്തതും ഞങ്ങൾ വിശ്വസിക്കുന്നതുമായ ദൈവം എന്നൊരു ശക്തിയാണ് എം. എം. മണിയെക്കൊണ്ട് പറയിപ്പിച്ചത്. അത് മണിയെക്കൊണ്ട് ദൈവം തന്നെ പറയിപ്പിച്ചതാണ്. എന്റെ ദൈവമേ, ഈ സി.പി.ഐ.(എം)-ന് മണി വച്ചൊരു കെണിയാണ് ഇത്. മാധ്യമങ്ങൾ ഗൂഢാലോചന നടത്തി സി.പി.ഐ.(എം)-നെ തകർക്കാൻ ശ്രമിക്കുന്നുവെന്നാണ് സഖാവ് പിണ റയി വിജയൻ പറയുന്നത്. മാധ്യമങ്ങൾ സമൂഹത്തോടും നാടിനോടും പ്രതിബദ്ധതയോടുകൂടി മാധ്യമ ധർമ്മം നിറവേറ്റുന്നു. മാധ്യമങ്ങളെ മുക്തകണ്ഠം ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ടി.പി. വധത്തിലെ പ്രധാന പ്രതികളെ കണ്ണൂരിലെ പാർട്ടിഗ്രാമങ്ങളിൽ താമസി പ്പിച്ചപ്പോൾ പോലീസ് അറസ്റ്റ് ചെയ്തത് മാധ്യമ സൃഷ്ടിയാണോ സഖാക്കളേ? സി.പി.ഐ(എം)-ന്റെ സംഘടനാ അതിർവരമ്പുകൾ ലംഘി ച്ചിട്ടുപോലും കേഡർ പാർട്ടിയായ സി.പി.ഐ.(എം) സഖാവ് വി.എസ് -നെ എന്തുകൊണ്ട് പുറത്താക്കുന്നില്ല. നിങ്ങൾ എന്താണ് ഭയക്കുന്നത്? ടി.പി. വധത്തോടനുബന്ധിച്ചുള്ള സി.പി.ഐ(എം)-ന്റെ പ്രതിസന്ധി

മൂലമാണ് വി.എസ്.-നെ പുറത്താക്കാൻ പറ്റാത്തത്. കേരള വനാന്തരങ്ങളിൽ ഒരുകാലത്ത് കൂട്ടംകൂട്ടമായി ഓടി നടന്നിരുന്ന സിംഹവാലൻ കുരങ്ങിന്റെ അവസ്ഥയിലേയ്ക്ക് ഇന്ന് കേരളത്തിലെ സി.പി.ഐ.(എം) പോകുന്നുവെന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് ഇവിടെ കാണുന്നത്. എനിക്ക് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബിനോട് പറയാനുള്ളത്, വ്യവസായ മന്ത്രിയെ തകർക്കുവാൻ, വാർത്തകൾ കിട്ടുവാൻ വേണ്ടി മാത്രം, കേസുകൾ കെട്ടിച്ചമച്ച് ഭയപ്പെടുത്താൻ ശ്രമിക്കുമ്പോൾ താങ്കൾ ഒരിക്കലും ഭയപ്പെടേണ്ട. ഞങ്ങൾ എല്ലാവരും, കേരളത്തിലെ ചെറുപ്പക്കാരും കേരളത്തിലെ യുവ എം.എൽ.എ.-മാരും നിങ്ങളോടൊപ്പമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി, നിങ്ങൾ വ്യവസായ അടിത്തറ ശക്തിപ്പെടുത്തിക്കൊണ്ട് കേരളത്തിനെ വികസനത്തിന്റെ പാതയിലേയ്ക്ക് നയിച്ചു. വ്യവസായ വകുപ്പിന്റെ സുൽത്താനായ നിങ്ങളുടെ പുറകിൽ ഞങ്ങളുണ്ട് എന്ന് സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഈ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ച ആരംഭിച്ചത് മുൻ മന്ത്രി കൂടിയായ ശ്രീ. എസ്. ശർമ്മയാണ്. വളരെ ക്രിയാത്മകമായി, സഭ നന്നായി നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഇടതുജനാധിപത്യമുന്നണിയുടെ പ്രതിനിധികളും ചർച്ചയ്ക്ക് തുടക്കം കുറിച്ച സി.പി.ഐ(എം) -ലെ ശ്രീ.ശർമ്മയും സഭയും വാസ്തവത്തിൽ വളരെ ക്രിയാത്മകമായിട്ടുള്ള നിലപാടാണ് സ്വീകരിച്ചുകൊണ്ടിരുന്നതെങ്കിൽ ഇവിടെ സി.പി.ഐ(എം)-നെ വീണ്ടും കടന്നാക്രമിക്കുകയാണ് ചെയ്യുന്നത്. സി.പി.ഐ.(എം)-നെയും നേതാക്കളെയും മോശക്കാരാക്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചുവരുന്നത്. സഭയിൽ എത്രയോ പ്രാവശ്യം ചർച്ച ചെയ്യപ്പെട്ട കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് ഒരു പാർട്ടിയെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമമാണ് നടത്തുന്നതെങ്കിൽ അവർ മൂഢസ്വർഗ്ഗത്തിലാണ്. അങ്ങനെയാണെങ്കിൽ, വാസ്തവത്തിൽ ഈ രാജ്യത്ത് ആദ്യമായി തകർന്നുപോകേണ്ടത് സി.പി.ഐ.(എം) ആണ്. അതിന്റെ വളർച്ചയും പ്രയാണവും സംബന്ധിച്ച് അത് പഠിക്കുന്ന ആളുകൾക്കറിയാം. പാർട്ടിയുടെ പ്രവർത്തനത്തെ സംബന്ധിച്ചും ആ പാർട്ടിയെ സംബന്ധിച്ചും അറിയാവുന്ന ആളുകളാരും ഈ നിലയിൽ വിമർശിക്കുകയില്ല. വളരെ മോശപ്പെട്ട നിലയിലുള്ള പരാമർശങ്ങളാണ് പറയുന്നത്. ഞങ്ങളുടെ പാർട്ടിക്ക് അനുഭാവിഗ്രൂപ്പുണ്ട്. പാർട്ടിയിൽ പുതുതായി ചേർന്ന ആളുകൾക്ക് അനുഭാവിഗ്രൂപ്പുണ്ട്. ഇത് അച്ചടക്കമുള്ള പാർട്ടിയാണ്. അച്ചടക്ക

ത്തെക്കുറിച്ചൊക്കെ പ്രസംഗിക്കുന്നവരുടെ കാര്യം ഇന്നലെ ഇവിടെ കണ്ടു. ഇന്നലെ സഭയ്ക്കകത്ത് ഒരു മന്ത്രിയും ചീഫ് വിപ്പും നടത്തിയിട്ടുള്ള കാര്യങ്ങൾ, അത് മായുന്നതിനുമുമ്പ് ഏതാനും മണിക്കൂറുകൾപോലും കഴിയുന്നതിനുമുമ്പ് പത്രസമ്മേളനം നടത്തി പറഞ്ഞ കാര്യങ്ങളും ഇവിടെ കണ്ടു. യു.ഡി.എഫ്.ന്റെ ചീഫ് വിപ്പ് ആയിട്ടുള്ള ആൾ നടത്തിയ പരാമർശമെല്ലാം മാധ്യമങ്ങളിലാകെയുണ്ട്. ആരാണ് ഈ പറയുന്നതുപോലെ മലിനമായ രാഷ്ട്രീയപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല.

ഇവിടെ, വ്യവസായത്തെ സംബന്ധിച്ച് ചർച്ച നടക്കുകയാണ്. ഇവിടെ എല്ലാ കാര്യങ്ങളും മൂടിവയ്ക്കപ്പെടുകയാണ്. എന്താണ് ഇവിടത്തെ അവസ്ഥ? രാഷ്ട്രപതി സ്ഥാനാർത്ഥിയായ പ്രണാബ് കുമാർ മുഖർജി ധനകാര്യവകുപ്പുമന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കഴിഞ്ഞ അഞ്ചുകൊല്ലത്തെ കേന്ദ്രത്തിലെ കോൺഗ്രസ്സ് ഭരണത്തിന്റെ ഭാഗമായി കഴിഞ്ഞ ദിവസം പുറപ്പെടുവിച്ച ഉത്പാദനമേഖലയെ സംബന്ധിച്ച് വന്നിട്ടുള്ള കണക്കുകൾ പുറത്തുവന്നു, 0.1 ശതമാനമാണ് വളർച്ചാ നിരക്ക്. ഇത് വളരെ നിരാശാജനകമാണെന്ന് അദ്ദേഹം പറഞ്ഞു. വ്യവസായ മേഖലയിലുണ്ടായിട്ടുള്ള പിറകോട്ടടി വളരെയേറെ നിരാശാജനകമാണെന്ന് പറയുന്നു. വ്യാവസായിക ഉത്പാദനനിരക്ക് ഏറ്റവും പ്രധാനമായി വരേണ്ടത് നിർമ്മാണ മേഖലയിലാണ്. ഏതാണ്ട് 75 ശതമാനത്തോളം വരുന്ന നിർമ്മാണമേഖലയിലെ വ്യവസായ കുതിപ്പ്

5.7 ശതമാനമായി കുറഞ്ഞു. മൂലധന വളർച്ചാ നിരക്ക് 16.3–ൽനിന്നും 6.6–ലേയ്ക്ക് താഴ്ന്നില്ലേ? ആഭ്യന്തര വളർച്ചാ നിരക്ക് കേവലം 5.3 ശതമാനമായി തകർന്നു. സാമ്പത്തിക പരിഷ്കരണത്തിന് ശക്തിയായി ആക്കംകൂട്ടാൻവേണ്ടി കേന്ദ്രം പരിശ്രമിക്കുമ്പോഴും രൂപയുടെ വിനിമയ മൂല്യം സർവ്വകാല റെക്കോഡും ഭേദിച്ച് കുത്തനെ താഴേയ്ക്കാണ്. കോൺഗ്രസ്സിന്റെ നേതാക്കന്മാരും യൂത്ത് കോൺഗ്രസ്സ് നേതാക്കന്മാരും അക്കാര്യം പഠിക്കണ്ടേ? രൂപയുടെ വിനിമയമൂല്യം തകർന്നിരിക്കുകയാണ്. കാർഷികമേഖല തകർന്നുകൊണ്ടിരിക്കുന്നു. 19 പ്രാവശ്യം പെട്രോളിന്റെ വിലയും 7 തവണ ഡീസലിന്റെ വിലയും വർദ്ധിപ്പിച്ചു. ആറുതവണ പാചക വാതകത്തിന്റെ വില വർദ്ധിപ്പിച്ചു. ബസ് ചാർജ് കൂട്ടി. കറന്റ് ചാർജ് വർദ്ധിപ്പിച്ചു. എങ്ങനെയാണ് ഈ രാജ്യത്ത് വ്യവസായം ആരംഭിക്കുന്നത്? ഇവിടെ വലിയ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്തെല്ലാം വമ്പൻ പദ്ധതികളെക്കുറിച്ചാണ് പറയുന്നത്. ശ്രീ. കെ.എൻ.എ. ഖാദർ ഇവിടെ പറഞ്ഞത് ഞങ്ങൾക്കാർക്കും മനസ്സിലാകാത്ത കുറേ പദ്ധതികളാണ്. എന്തെല്ലാം പദ്ധതികളുടെ പ്രഖ്യാപനങ്ങളാണ്, ഇപ്പോൾ കേൾക്കുന്നതെല്ലാം വമ്പൻ പദ്ധതികളാണ്. മോണോ റെയിൽ, മെട്രോറെയിൽ, റെയിൽ കോറിഡോർ, ബുള്ളറ്റ് ട്രെയിൻ. ആർക്കും മനസ്സിലാകാത്ത കാര്യങ്ങളാണ്. എവിടെയെങ്കിലും ഇത് പരീക്ഷിക്കുകയോ നടക്കുകയോ ചെയ്തിട്ടുണ്ടോ? മെട്രോ റെയിൽ നമുക്കറിയാം. ഡൽഹിയിൽ മെട്രോ റെയിൽ നമ്മളെല്ലാം കണ്ടി

ട്ടുള്ളതാണ്. മോണോ റെയിൽ സംബന്ധിച്ച് കഴിഞ്ഞ ദിവസം നമ്മുടെ സുഹൃത്തുക്കൾ ഇവിടെയൊരു പ്രത്യേക യോഗം ചേർന്നു. അത് സംബന്ധിച്ച് തർക്കമാണ്. ആര് ഏറ്റെടുക്കണമെന്നതിനെ സംബന്ധിച്ച്, എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ധാരണയി ല്ലാതെ പുകമറ സൃഷ്ടിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളുമെല്ലാം തകർക്കുകയാണ്. പ്രഖ്യാപനങ്ങൾക്ക് ഒരു കുറവുമില്ല. ഒരു സംസ്ഥാനത്തെ ചലനാത്മകമാക്കുന്നത്, ആ സംസ്ഥാ നത്തെ ജനജീവിതം സജീവമാക്കുന്നത് നിർമ്മാണ മേഖലയിലാണ്. ഗ്രാമപ്രദേശത്തും നഗരത്തിലും നടക്കുന്ന നിർമ്മാണ രംഗമാണ് അവിടം സജീവമാക്കുന്നത്. അത് മനുഷ്യന്റെ പ്രയത്നമാണ്. ഇവിടെ എന്താണ് സ്ഥിതി ? മണലിന്റെ വില എവിടെയെത്തി നിൽക്കുന്നു, പൊന്നിനേക്കാൾ വില മണലിനായി. പാറ കിട്ടാനില്ല. അവയെല്ലാം വ്യവ സായവുമായി ബന്ധിപ്പിച്ചു വരുന്ന കാര്യങ്ങളാണ്. മണലും പാറയും മണ്ണുമെല്ലാം കിട്ടാക്കനിയായി മാറുകയാണ്. കിട്ടുന്നതാകട്ടെ മാഫിയ യുടെ കൈകളിലാണ്. ഇവിടെ മണ്ണും മണലുമെല്ലാം പരിശോധിക്കേണ്ട മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്ന് അക്കാര്യ ങ്ങളിൽ എന്തെങ്കിലും നിയന്ത്രണമുണ്ടോ? ഒരു നിയന്ത്രണവുമില്ല. ഈ ജില്ലയുടെ കിഴക്കൻ പ്രദേശത്തും പടിഞ്ഞാറൻ പ്രദേശത്തുപോലും ഭീകരമായ പാറപൊട്ടിക്കൽ നടക്കുകയാണ്. ഒരു നിയന്ത്രണവുമില്ലാതെ മണലെടുക്കുകയും പാറപൊട്ടിക്കുകയും ചെയ്തിട്ടും അതിൽ നടപടി

യില്ല. നാട്ടിലെ ആളുകൾക്ക് മണലുമില്ല മണ്ണുമില്ല, നിർമ്മാണ പ്രവർത്ത നങ്ങൾക്കുവേണ്ട ഒന്നുമില്ല. ഏതാണ്ട് പത്ത് കോടിയോളം ആളുകൾ നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള മോട്ടോർ വ്യവസായ മേഖല ഇന്ന് വലിയ തകർച്ച നേരിടുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും സ്പെയർപാർട്ട്സിന്റെയും ടയറിന്റെയും വില കൂടിയതിനാൽ ആ വ്യവ സായം ഇന്ന് തകർച്ചയുടെ വക്കിലാണ്. അതിനെക്കുറിച്ചൊന്നും ഇവിടെ ചർച്ച ചെയ്യുന്നില്ല. ഈ നാട്ടിലെ സാധാരണക്കാരേയും പാവപ്പെട്ടവ രേയും തൊഴിലാളി സമൂഹത്തേയും തൊഴിലാളി കുടുംബങ്ങളേയും ബാധിക്കുന്ന ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടക്കുന്നില്ല. ഇവിടെ വമ്പൻ പദ്ധതികളെക്കുറിച്ചും ന്യൂജനറേഷൻ പദ്ധ തികളെക്കുറിച്ചുമാണ് ചർച്ച ചെയ്യുന്നത്. ഓട്ടോറിക്ഷ ഓടിക്കുന്നവർ മുതൽ മണ്ണിൽ പണിയെടുത്ത് ജീവിക്കുന്ന ലക്ഷക്കണക്കിനാളുകളുടെ പ്രശ്നങ്ങളെപ്പറ്റിയോ അവരുടെ കാര്യങ്ങളെപ്പറ്റിയോ ഇവിടെ ചർച്ച ചെയ്യപ്പെടുന്നില്ല. ഇത്തരം പ്രഖ്യാപനങ്ങൾ നടത്തുമ്പോഴും വളരെ പ്രധാനപ്പെട്ട മറ്റൊരു വിഷയം കൂടിയുണ്ട്. കേരളത്തിൽ കഴിഞ്ഞ യു. ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ ധാരാളം സ്ഥാപനങ്ങ ളുണ്ട്. അതിലൊന്നായ ശ്രീകാരത്തെ കെൽട്രോൺ കൗണ്ടേഴ്സ് എൽ. ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷമാണ് തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞത്. ഒരു ഓണക്കാലത്ത് എല്ലാ ട്രേഡ് യൂണിയൻ നേതാ ക്കളേയും വിളിച്ചുവരുത്തി ഓണപ്പുടവയും സദ്യയും കൊടുത്ത് അവരെ

കമ്പനിയിൽ പ്രവേശിപ്പിച്ചു. മാത്രമല്ല, പൂർണ്ണമായി അടച്ചുപൂട്ടപ്പെട്ട ബാലരാമപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിച്ചു. ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ സ്ഥിതിയും മറ്റൊന്നല്ല. ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി ഉൽപ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡ് വിൽക്കാൻ കഴിയുന്നില്ലായെന്ന് മാധ്യമങ്ങളിൽ വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 30 കോടിയോളം രൂപ വിലമതിക്കുന്ന 1516 ടൺ ഉൽപ്പന്നം വിറ്റഴിക്കാൻ സാധിക്കാതെ കെട്ടിക്കിടക്കുകയാണ്. ഈ ഉൽപ്പന്നം വിലകുറച്ചു വാങ്ങി വിപണി പിടിച്ചടക്കാൻ ഒരു ചൈനീസ് കമ്പനി തയ്യാറായിനിൽക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങളുടെ ഫലമായാണ് ഈ കമ്പനി പുനരുദ്ധരിക്കാൻ സാധിച്ചത്. അതുപോലെ ജില്ലയുടെ അഭിമാനമായി ഉയർത്തിക്കാണിക്കാവുന്ന ഒന്നാണ് കേരള ഹൈടെക് ഇൻഡസ്ട്രീസ്-കെൽടെക്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, സഖാവ് എളമരം കരീം വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് വലിയ താൽപ്പര്യമെടുത്ത് ഈ സ്ഥാപനത്തെ പുനരുജ്ജീവിപ്പിക്കുകയും വളരെ സജീവമായി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഇക്കാര്യം അന്നത്തെ കേന്ദ്ര പ്രതിരോധവകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ ശ്രദ്ധയിൽപ്പെടുകയും തിരുവനന്തപുരത്തെ പ്രസ്തുത സ്ഥാപനം നേരിട്ട് സന്ദർശനം നടത്തി അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പ്രതിരോധ വകുപ്പിനുവേണ്ടി

യുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. എൽ.ഡി.എഫ്. ഗവൺമെന്റ് വളരെ ഭാവനാ പൂർണ്ണമായ ഒരു പദ്ധതി തയ്യാറാക്കി. അങ്ങനെ കേരള ബ്രഹ്മോസ് യൂണിറ്റ് എന്ന നിലയിൽ അതിനെ മാറ്റി. ബ്രഹ്മോസിന്റെ കേരളത്തിലെ യൂണിറ്റ് തിരുവനന്തപുരത്ത് ആരംഭിക്കുകയും ചെയ്തു. ഇന്ന് ആ യൂണിറ്റ് ബ്രഹ്മോസിന്റെ നിയന്ത്രണത്തിലാണെന്ന് കരുതിയെങ്കിൽ തെറ്റി. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പ് ബ്രഹ്മോസിന് പുതിയൊരു സ്വകാര്യ സ്ഥാപനവുമായി ചേർന്നുകൊണ്ടുള്ള ഒരു കമ്പനി രൂപീകരിച്ചിരിക്കുന്നു. മാത്രമല്ല, ജില്ലയിലെ ഏറ്റവും അഭിമാനാർഹമായിട്ടുള്ള ആ സ്ഥാപനം ഇപ്പോൾ നഷ്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് സ്ഥാപനങ്ങളുടെ സ്ഥിതിയാണ് ഞാനിവിടെ സൂചിപ്പിച്ചത്. അതുപോലെതന്നെ ജില്ലയിലെ മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് കൈത്തറി വ്യവസായ മേഖല. കേരളത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ കൈത്തറിയും കിഴക്കൻഭാഗങ്ങളിൽ കയറും കശുവണ്ടിയുമുൾപ്പെടുന്ന ഒരു മേഖലയാണ്. വമ്പൻ പദ്ധതികളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുമ്പോഴും ഈ ഗവൺമെന്റ് അധികാരമേറ്റ് ഒരു വർഷം കഴിഞ്ഞിട്ടും പരമ്പരാഗത വ്യവസായവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകളെ സംരക്ഷിക്കുവാൻ വേണ്ടി ഒരു പദ്ധതിയെങ്കിലും പ്രഖ്യാപിക്കാൻ സാധിച്ചോ? കൈത്തറിയെന്ന് പേരു കേൾക്കുമ്പോൾ എല്ലാവരുടേടെയും മനസ്സിൽ വരുന്നത് ബാലരാമപുരം

കൈത്തറിയാണ്. അവിടെ പണിയെടുക്കുന്ന തൊഴിലാളിക്ക് രാഷ്ട്രപതി യുടെ അംഗീകാരം ലഭിച്ചിട്ടുള്ള കാര്യം ആരും മറക്കരുത്. ഒരു ഘട്ട ത്തിൽ ലോകത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽപ്പോലും ബാലരാമ പുരം കൈത്തറിയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശനത്തിന് വയ്ക്കുകയുണ്ടായി. ആ നിലയിലുള്ള ഏറ്റവും പ്രധാ നപ്പെട്ട തൊഴിൽ മേഖലകൾപോലും സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. കൈത്തറി വസ്ത്രങ്ങൾ നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗ മാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇവിടെ ഉൽപ്പാദിപ്പി ക്കുന്ന കൈത്തറി വസ്ത്രം ധരിക്കണമെന്ന് തീരുമാനിച്ചു. നമ്മുടെ നാട്ടിലെ തൊഴിലാളികളും ഉദ്യോഗസ്ഥരും ആഴ്ചയിലൊരു ദിവസം കൈത്തറി വസ്ത്രം ധരിക്കണമെന്നൊരു ക്യാമ്പയിൻ നടത്തുകയും അത് വലിയൊരു വിജയവുമായിരുന്നു. അങ്ങനെ കൈത്തറി ഉൽപ്പന്ന ങ്ങൾ വൻതോതിൽ വിറ്റഴിക്കാൻ അക്കാലത്ത് കഴിഞ്ഞു.

നമ്മുടെ ജീവിതത്തിന്റെ ഭാഗമായ ഖാദി വ്യവസായത്തെ ഒരി ക്കലും മറക്കാൻ കഴിയില്ല. ഖാദി വ്യവസായത്തെ പ്രോത്സാഹിപ്പിക്കാ നായി സ്കൂൾ കുട്ടികൾ ഖാദി യൂണിഫോം ധരിക്കണമെന്ന് നിർദ്ദേശം നൽകുകയും അതിലൂടെ ഖാദി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാ നുള്ള ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്തു. അതിലൂടെ ഈ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷം കഴിയുമ്പോൾ കൈത്തറി-ഖാദി മേഖ

ലകൾ പ്രതിസന്ധിയിൽ നിൽക്കുകയാണ്. അവിടെ യാതൊരു കാര്യവും നടക്കുന്നില്ല. വളരെ ഗൗരവമായ മറ്റൊരു വിഷയം കൂടിയുണ്ട്, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയിട്ടുള്ള പദ്ധതികളെ പരമാവധി അവഗണിക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിൻഫ്രാ അപ്പാരൽ പാർക്ക് തുടങ്ങാൻ തീരുമാനിക്കുകയും സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയാവുകയും ചെയ്തു. കേരളത്തിലെ വിവിധ മണ്ഡലങ്ങളിൽ വിവിധ പ്രദേശങ്ങളിൽ കിൻഫ്രാ അപ്പാരൽ പാർക്കിനുവേണ്ടി സ്ഥലം കണ്ടെത്തിക്കഴിഞ്ഞുവെങ്കിലും ഇപ്പോൾ അതിന്റെ തുടർപദ്ധതികളൊന്നും മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. ഈ കാര്യങ്ങളൊക്കെ നിലനിൽക്കുമ്പോൾ തന്നെ പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ വരുന്നവരുടെ നിലപാടെന്താണ്? സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ ഇന്ന് എന്താണ് നടക്കുന്നത്? ജില്ലാ- താലൂക്ക് അടിസ്ഥാനത്തിൽ ചട്ടപ്പടിയുള്ള സ്ഥിരം കാര്യങ്ങൾ മാത്രമാണ് നടക്കുന്നത്. ഈ മേഖലയിൽ പുതുതായി തൊഴിൽ ചെയ്യാനോ വ്യവസായമാരംഭിക്കുവാനോ വരുന്ന ആളുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ക്രിയാത്മകമായ ഇടപെടൽ നടത്താൻ സാധിക്കുന്നുണ്ടോ? താലൂക്ക് വ്യവസായ കേന്ദ്രങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങളും കേവലം കുറേ ഉദ്യോഗസ്ഥന്മാരും ആളുകളും ഉണ്ടെന്നുള്ളതിനപ്പുറം മറ്റെന്താണ് നടക്കുന്നത്? കയർ-കശുവണ്ടി മേഖലയിലും നിർമ്മാണമേഖലയിലും കുടുംബശ്രീ യൂണിറ്റുകളുമായി

ബന്ധപ്പെട്ട് ഒട്ടനവധി പുതിയ വ്യവസായ സംരംഭങ്ങൾ കടന്നുവരികയാണ്. അവരെ സഹായിക്കാൻ ബാങ്കുകളും സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികൾക്ക് യാതൊരു പരിഗണനയും ഈ ഗവൺമെന്റ് നൽകുന്നില്ലെന്ന് മാത്രമല്ല, വ്യവസായ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ യാതൊരു വിധത്തിലുമുള്ള സംവരണതത്വവും പാലിക്കുന്നില്ല. വ്യവസായ സ്ഥാപനങ്ങളിൽ, പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നും യാതൊരു സംവരണതത്വവും പാലിക്കുന്നില്ല. പാവപ്പെട്ട, ദുർബ്ബലവിഭാഗത്തിൽപ്പെട്ട, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരടക്കമുള്ള ആളുകളെ ഇത്തരം സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ നിന്ന് മാറ്റി നിർത്തിയിരിക്കുകയാണ്. ഇത്തരം സ്ഥാപനങ്ങളിൽ താൽക്കാലികമായി ജീവനക്കാരെ നിയമിക്കുകയും പിന്നീട് അവർ അവിടത്തെ പ്രധാനപ്പെട്ട പോസ്റ്റുകളിലേയ്ക്ക് വരികയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഈ വിഷയം പലപ്പോഴായി ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുള്ളതാണ്. ഇത്തരം സ്ഥാപനങ്ങളിലെ മുഴുവൻ നിയമനങ്ങൾക്കും സംവരണതത്വം പാലിക്കുകയും പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നിയമനങ്ങൾ നടത്താനുള്ള തീരുമാനമെടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ വ്യവസായ മേഖലയിൽ പുതുതായി ഒരു വ്യവസായ സംസ്കാരം വളർത്തിയെടുക്കാൻ കഴിയത്തക്ക നിലയിൽ വ്യവസായ സംരംഭകരായി കടന്നുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കാര്യം പരിശോധിക്കണം. ഏതെങ്കിലുമൊരു വ്യവസായസ്ഥാപനം

നന്നായി നടത്തിക്കൊണ്ടുപോകാൻ കഴിയത്തക്ക നിലയിലുള്ള ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ നൽകി ഇത്തരം വ്യവസായ സംഘടനകളെ ഉയർത്തിക്കൊണ്ടുവരാനുള്ള ഒരു പദ്ധതിയുണ്ടായിരുന്നു. ഓരോ വർഷവും കിട്ടുന്ന ആ ഫണ്ട് വിവിധ ആവശ്യങ്ങൾക്കായി മാറ്റുക എന്ന തിലപ്പുറം ഏതെങ്കിലും ഒരു വ്യവസായ സ്ഥാപനം വരുന്നതിൽ ആർക്കും മത്സരമില്ല. യു.ഡി.എഫ്-ന്റെ പല പ്രധാനപ്പെട്ട ആളുകളും മധ്യതിരുവിതാംകൂറിൽ സെക്രട്ടേറിയറ്റ് വേണമെന്നും ചിഫ് സെക്രട്ടറി വേണമെന്നുമൊക്കെ പറയുന്നുണ്ട്. അതിനോട് ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. പക്ഷേ തുല്യനീതി വേണ്ടേ? ഈ നാട്ടിലെ പാവപ്പെട്ട, ദുർബ്ബലവിഭാഗത്തിൽപ്പെട്ട, അഭ്യസ്തവിദ്യരായിട്ടുള്ള ആളുകൾ, ശാസ്ത്രസാങ്കേതിക രംഗത്തുള്ള ആളുകളെ പരിഗണിക്കാനുള്ള എന്തെങ്കിലും ഒരു പദ്ധതി ഇവിടെ ഉണ്ടോ? പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെ എത്ര ആളുകളാണ് ഇപ്പോൾ എഞ്ചിനീയറിംഗും പ്രൊഫഷണൽ കോഴ്സുകളും പൂർത്തിയാക്കി പുറത്തിറങ്ങുന്നത്? അവർക്കുവേണ്ടിയുള്ള എന്തെങ്കിലും പദ്ധതി പ്രഖ്യാപിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഇത്തരം വിഭഗക്കാരെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു പദ്ധതി ഇവിടെ വേണ്ടേ? അങ്ങനെയുള്ള പദ്ധതികളൊന്നും ഇവിടെ പറഞ്ഞിട്ടില്ലെന്നുള്ളതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളോട് വിയോജിക്കാതിരിക്കാൻ കഴിയില്ല. അഭ്യസ്തവിദ്യരായ ഈ വിഭാഗത്തിൽപ്പെട്ടവർക്കുകൂടി പരിഗണന നൽകത്തക്കനിലയിലുള്ള പദ്ധതികൾ ഉണ്ടാ

ക്കാൻ വേണ്ടി വ്യവസായ വകുപ്പും ഉദ്യോഗസ്ഥരും തയ്യാറാകണം. വലിയ പ്രചരണത്തിനുവേണ്ടി മാത്രം പല പ്രവർത്തനങ്ങൾക്കായി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നതിന്റെ വിശദമായ കണക്കുകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇവിടത്തെ ഐ.ടി.ഐ.കളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വേണം. ഇപ്പോൾ തൊഴിൽ വകുപ്പാണ് ഈ മേഖല കൈകാര്യം ചെയ്യുന്നത്. ഐ.ടി.ഐ.-കളിൽ പഠിക്കുന്ന കുട്ടികൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ തൊഴിൽ മേഖലയിലേയ്ക്ക് കടന്നുവരാൻ കഴിയത്തക്ക നിലയിലുള്ള വിവിധങ്ങളായ പദ്ധതികൾകൂടി തയ്യാറാക്കണം.

ഞാൻ മറ്റുകാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആ നിലയിൽ ഏകപക്ഷീയവും വിഭാഗീയവും തികച്ചും രാഷ്ട്രീയപ്രേരിതവുമായ വികസന പദ്ധതികൾ അടിച്ചേൽപ്പിക്കുകയും ഒരുഭാഗത്ത് പ്രതിപക്ഷത്തെക്കൂടി ചേർക്കണമെന്ന് പറയുകയും മറുഭാഗത്ത് പ്രതിപക്ഷം പറയുന്ന കാര്യങ്ങളെല്ലാം പുച്ഛിച്ച് തള്ളുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ യാതൊരു സുതാര്യതയുമില്ലാതെ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

മി. സ്പീക്കർ: ചട്ടം 143 (2) വേവ് ചെയ്യുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ വ്യവസായ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി ചരിത്രത്തിൽ സ്ഥാനം പിടിച്ചുവെന്ന നിറഞ്ഞ സന്തോഷത്തോടെയും ബഹുമാനത്തോടുകൂടിയുമാണ് ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. പുതിയ വ്യവസായ നയത്തെ യുവജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുകയാണ്. എമർജിംഗ് കേരളയിലൂടെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപം കേരളത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെ സ്വപ്നപദ്ധതിയായ സ്മാർട്ട് സിറ്റി യാഥാർത്ഥ്യത്തിലെത്തിക്കുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. കൊച്ചി -കോയമ്പത്തൂർ വ്യവസായ ഇടനാഴി, വൻ നഗരങ്ങളിൽ വൻകിട വാണിജ്യമേഖലകൾ, പൊതുമേഖലയിൽ എം.ഒ.യു. സംവിധാനം, പരമ്പരാഗത മേഖലയുടെ പുനരുദ്ധാരണത്തിനായി പുതിയ നടപടി, കെ.എസ്.ഐ.ഡി.സി-യുടെ സാമൂഹ്യ സുരക്ഷാപദ്ധതി തുടങ്ങി പതിനേഴായിരത്തിലേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കോടികളുടെ നിക്ഷേപവുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. കിൻഫ്രയുടെ കീഴിൽ പുതിയ പദ്ധതികൾ, സംസ്ഥാനത്ത് പുതിയ പദ്ധതികൾക്ക് അനുമതി നൽകുന്നതിനായി

ഓൺലൈൻ ഏകജാലക സംവിധാനം, കേരളത്തിലെ വ്യവസായ വികസന കേന്ദ്രങ്ങളേയും തുറമുഖങ്ങളേയും വിമാനത്താവളങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട് സീ-പോർട്ട് എയർപോർട്ട് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കാനുള്ള നടപടി, കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഗ്ലോബൽ ആയുർവ്വേദ വില്ലേജ് സ്ഥാപിക്കാനുള്ള തീരുമാനം - ഇവയെല്ലാം അഭിനന്ദനാർഹമാണ്. കാസർഗോഡ് കിൻഫ്രാ ഇൻഡസ്ട്രീയൽ പാർക്കിൽ എച്ച്.എ.എൽ.-നുവേണ്ടി സൗകര്യമൊരുക്കി ഉത്ഘാടനത്തിന് കാത്തിരിക്കുകയാണ്. അതിലുപരി പുതിയ 9 വ്യവസായ യൂണിറ്റുകൾ തുറന്നുപ്രവർത്തിക്കുന്നതിന് സജ്ജമായിരിക്കുകയാണ്. സുതാര്യത ഉറപ്പുവരുത്തുന്നതിനായി ധീരമായ നടപടികളാണ് വ്യവസായ വകുപ്പുമന്ത്രി എടുത്തിട്ടുള്ളത്. ഇ-പ്രൊക്യുയർമെന്റ്, ഇ-ഗവേണൻസ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ - ഇവയെല്ലാം ശ്രദ്ധേയമാണ്. ഈ പദ്ധതികളെല്ലാം കഴിഞ്ഞ ഒരു വർഷം കൊണ്ടാണ് നടപ്പിലാക്കിയതെന്ന് ഓർക്കണം. ഇങ്ങനെ പോകുകയാണെങ്കിൽ 5 വർഷം കൊണ്ട് വ്യവസായ മേഖലയിൽ ബഹുമാന്യനായ കുഞ്ഞാലിക്കുട്ടി സാഹിബ് വിസ്മയം തീർക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിലൊന്നും അസൂയപ്പെട്ടിട്ട് കാര്യമില്ല. ഇത്രയും ബഹുമുഖ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് വരുമ്പോൾ ചില ശകുനംമുടക്കികൾ തടസ്സമായി നിൽക്കുന്നതാണ് നമ്മുടെ നാടിന്റെ ശാപം. ‘ഇല്ല സമ്മതിക്കില്ല നിങ്ങളെ’ എന്ന

മുദ്രാവാക്യവുമായാണ് ചിലർ ജനിച്ചുവീഴുന്നതെന്ന് തോന്നിപ്പോകുകയാണ്. തെങ്ങിന്റെ മണ്ടയിൽ വ്യവസായം വരില്ലെന്ന് പ്രഖ്യാപിച്ച് തെങ്ങിന്റെ ചുവട്ടിലുള്ളവരെ അടിച്ചോടിച്ച് ഒരു തരത്തിലുള്ള വ്യവസായവും ആരംഭിക്കാൻ കഴിയാത്ത ഗവൺമെന്റാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ. ഇതിന്റെ ദുരന്തം കേരളത്തിലെ തൊഴിൽരഹിതരായ ലക്ഷക്കണക്കിന് യുവാക്കൾ അനുഭവിക്കുന്നതിന്റെ കൂട്ടത്തിൽ സഖാവ് പിണറായി വിജയന്റെ മകനും അനുഭവിക്കേണ്ടി വന്നു. ലണ്ടനിൽ പോയി പഠിച്ചിട്ടും ആ കുട്ടിക്ക് കേരളത്തിലെ ഒരു ബിസ്സിനസ് മേഖലയിലും പ്രവേശിക്കാൻ സാധിക്കാത്തതിനാൽ വിദേശത്താണെന്നാണ് അറിയാൻ കഴിഞ്ഞത്. വ്യവസായ സംരംഭത്തിനായി ദുബായിൽ നിന്ന് വന്ന ഫരീദ് അബ്ദുൾ റഹ്മാനെ അപമാനിച്ചു വിട്ടവരാണ് നിങ്ങൾ. ഈ അവസ്ഥ മാറണം. അതിന് ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനും ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ യു.ഡി.എഫ്. സർക്കാരിനും സാധിക്കും. അതിനിടയിൽ നമ്മുടെ പ്രിയപ്പെട്ട സഖാക്കൾ പാരപണിയാതിരുന്നാൽ മതി. ഇവർ കേരളത്തിൽ ഭരണത്തിലിരുന്നപ്പോഴാണ് കേരളത്തിന് പതിറ്റാണ്ട് പുറകോട്ട് സഞ്ചരിക്കേണ്ടിവന്നത്. ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദനുമാത്രം ക്യാപ്പിറ്റൽ പണിഷ്മെന്റ് നൽകിയതുകൊണ്ട് സി.പി. ഐ(എം) രക്ഷപ്പെടുമെന്ന് തോന്നുന്നില്ല. കേരളത്തിലെ ജനങ്ങൾ സി.പി.ഐ (എം.)-ന് മൊത്തമായി ക്യാപ്പിറ്റൽ പണിഷ്മെന്റ് നൽകുന്ന നാളുകൾ അതിവിദൂരമല്ല. ആ കാര്യത്തി

ലേയ്ക്കൊന്നും കൂടുതലായി ഞാൻ കടക്കുന്നില്ല. ഏതായാലും ഒരു കാര്യം ഉറപ്പാണ് - ഇങ്ങനെ പോയാൽ അധികം വൈകാതെ സി.പി.ഐ(എം)-ന്റെ സംസ്ഥാന സെക്രട്ടേറിയറ്റ് സെൻട്രൽ ജയിലിൽ ചേരേണ്ടിവരും. ഭൂമിദാന കേസ്സിൽ അന്വേഷണത്തിന്റെ വേഗത കൂട്ടിയില്ലെങ്കിൽ അവിടെ കൂടുന്ന സെക്രട്ടേറിയറ്റിൽ ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദന് പങ്കെടുക്കാൻ സാധിക്കുകയില്ല. കാസർഗോഡ് ജില്ലയ്ക്ക് മറ്റ് പരിഗണനകൾ നൽകിയതുപോലെ വ്യവസായ മേഖലയിലും പ്രത്യേക പരിഗണന നൽകണമെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകില്ല. മഞ്ചേശ്വരത്തിനോട് ചേർന്നുകിടക്കുന്ന മംഗലാപുരത്ത് ഒ.എൻ.ജി.സി., എം.ആർ.പി.സി., എം.സി.എഫ്.സി., കെ.ഇ.ഒ.എൽ. തുടങ്ങിയ നിരവധി വ്യവസായ സ്ഥാപനങ്ങളുണ്ട്. ഇതുകണ്ട് ഞങ്ങൾക്ക് അസൂയപ്പെടാനേ നിവൃത്തിയുള്ളൂ. വ്യവസായ സംരംഭത്തിന് എല്ലാംകൊണ്ടും അനുയോജ്യമായ അഞ്ഞൂറോളം ഏക്കർ റവന്യൂ ഭൂമി വെറുതെ കിടക്കുകയാണ്. തൊട്ടടുത്തുള്ള മംഗലാപുരത്തെ സീ-പോർട്ട്, എയർപോർട്ട്, മറ്റ് ഗതാഗത സൗകര്യങ്ങൾ ഇവയെല്ലാം ഉപയോഗിച്ച് പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്ന കാര്യം പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കണമെന്നുകൂടി ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. തിരുവനന്തപുരം-മംഗലാപുരം ഹൈസ്പീഡ് റെയിൽവേ കോറിഡോർ പദ്ധതി ജനങ്ങൾ വലിയ

പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിയണമെന്നുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എന്റെ മണ്ഡലത്തിലെ അനന്തപുരം വ്യവസായ പാർക്ക്, 32 ഏക്കറോളം സ്ഥലം അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ വെറുതെ കിടക്കുകയാണ്, ആവശ്യത്തിന് റോഡ് സൗകര്യമില്ല. ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ നിലവിലുള്ളത് 33 കെ.വി. യാണ്. അത് വളരെ പരിമിതമാണ്. 110 കെ.വി. എങ്കിലുമാക്കി ഉയർത്തിയാൽ അവിടെ ധാരാളം വ്യവസായങ്ങൾ തുടങ്ങാൻ സാധിക്കും. ആവശ്യത്തിന് വെള്ളം ലഭ്യമല്ല, വൈദ്യുതിയില്ല തുടങ്ങിയ നിരവധി പ്രശ്നങ്ങളുണ്ട്. ഇത് പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. അനന്തപുരം വ്യവസായ പാർക്കിൽ ആ പ്രദേശത്തിന്റെ സാഹചര്യം കണക്കിലെടുത്ത് റബ്ബർ പാർക്ക്, ഫുഡ് പാർക്ക് തുടങ്ങിയ വളരെ അനുയോജ്യമായ ഫാക്ടറികൾ തുടങ്ങുന്നതിനായി ഉദ്യോഗസ്ഥർ തന്നെ മുന്നോട്ടുവന്നിട്ടുണ്ട്. ഈ കാര്യം കൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്. തീർച്ചയായും നമ്മുടെ മേഖലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട് പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന, ഭാഷാ ന്യൂനപക്ഷങ്ങൾ കൂടുതൽ താമസിക്കുന്ന എന്റെ മണ്ഡലത്തിൽ ഇത്തരം വ്യവസായ പാർക്കുകൾ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു, നിർത്തുന്നു.